# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പള്ളിവാസൽ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584

ഇ-മെയിൽ: doidk.ksad@kerala.gov.in

ഫോൺ : 04862-227332

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ.ഐ.ഡി.കെ.പി.7-111/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584
തീയ്യതി: 01/04/2023
ഇ-മെയിൽ: doidk.ksad@kerala.gov.in
ഫോൺ: 04862-227332

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പള്ളിവാസൽ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പള്ളിവാസൽ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പള്ളിവാസൽ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഐ.ഡി.കെ.പി.7-111/2023 തീയ്യതി: 01/04/2023

# ഇടുക്കി ജില്ലയിലെ പള്ളിവാസൽ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ പള്ളിവാസൽ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 13-09-2021 മുതൽ 13-01-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 6 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 1 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 20-01-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. അനിൽ മാത്യു ഐപ്പ് | ഡെപ്യൂട്ടി ഡയറക്ടർ | 16-01-2023 | 20-01-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ ) | തീയതി (വരെ) |
|---|---|
| 16-01-2023 | 20-01-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. സജിമോൻ വി.ജി., ഓഡിറ്റ് ഓഫീസർ
ശ്രീ. മേജോ കെ. ജോർജ്ജ്, അസി. ഓഡിറ്റ് ഓഫീസർ
ശ്രീ. സാമുവൽ രാജ് ആർ., അസി. ഓഡിറ്റ് ഓഫീസർ
ശ്രീ. ബെന്നി മാത്യു, ഓഡിറ്റർ (സീനിയർ ഗ്രേഡ്)
ശ്രീ. അബ്ദുൾ അലി കുന്നൻ, ഓഡിറ്റർ (സീനിയർ ഗ്രേഡ്)
ശ്രീ. സെബിൻ സെബാസ്റ്റ്യൻ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. പ്രതീഷ്കുമാർ വി.ജി. | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ. നിസാർ സി.എ. | സെക്രട്ടറി | 01-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. അനൂപ് കെ.എൻ. | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 31-03-2022 |
| ശ്രീ. വൈശാഖൻ ആർ.എൽ. | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2021 | 31-03-2022 |
| ഡോ. അരവിന്ദ് പി. | മെഡിക്കൽ ഓഫീസർ (അലോപ്പതി) | 01-04-2021 | 31-03-2022 |
| ഡോ. മെർലിൻ മർക്കോസ് | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 01-04-2021 | 31-03-2022 |
| ഡോ. സ്മിത മോഹൻ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2021 | 31-03-2022 |
| ഡോ. റിനോജ് ജോസഫ് | വെറ്ററിനറി സർജൻ | 01-04-2021 | 31-03-2022 |
| ശ്രീമതി. സിജി എം.എ. | കൃഷി ഓഫീസർ | 01-04-2021 | 24-10-2021 |
| ശ്രീ. ബെന്നി വർഗ്ഗീസ് | കൃഷി ഓഫീസർ | 25-10-2021 | 31-03-2022 |
| ശ്രീ. റിന്ദ തോമസ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 31-03-2022 |

| | | | |
|---|---|---|---|
| ശ്രീ. ജെസ്ബിൻ തോമസ് | വി.ഇ.ഒ | 01-04-2021 | 31-03-2022 |
| ശ്രീമതി. റീമ എം.എസ്. | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2021 | 18-08-2021 |
| ശ്രീമതി. മിഥില പി.എസ്. | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 19-08-2021 | 31-03-2022 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യ പത്രിക | 1-2 |
| 3 | ഗ്രാന്റ് വിനിയോഗം | 1-3 |
| 4 | ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ അപാകങ്ങൾ | 1-3-1 |
| 5 | റോഡിതര മെയിന്റനൻസ് ഫണ്ട് ചെലവ് 63.89ശതമാനം മാത്രം. 10.13 ലക്ഷം ലാപ്സായി. | 1-3-2 |
| 6 | പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പരിപാലിക്കുന്നില്ല-വാർഷിക കണക്കുകളിലെ തുകകളുടെ കൃത്യത വ്യക്തമല്ല | 1-3-3 |
| 7 | പദ്ധതി അവലോകനം | 1-4 |
| 8 | തൊഴിലുറപ്പ് പദ്ധതി | 1-5 |
| 9 | ക്ഷേമ പദ്ധതികൾ | 1-6 |
| 10 | ക്യാഷ് പരിശോധന | 1-7 |
| 11 | ആഭ്യന്തര നിയന്തരണം | 1-8 |
| 12 | വാർഷിക കണക്കുകളിലെ അപാകങ്ങൾ | 1-9 |
| 13 | ജേണൽ വൗച്ചറുകളെ സാധൂകരിക്കുന്ന രേഖകൾ പരിപാലിക്കുന്നില്ല | 1-9-1 |
| 14 | വാർഷിക കണക്കുകളിലെ വിവിധ വരവുകളുടെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകളും രജിസ്റ്ററുകളിലെ തുകകളും തമ്മിൽ വ്യത്യാസം | 1-9-2 |
| 15 | സ്റ്റെയിൽ ചെക്ക് തുക ബാധ്യതയിൽ നിന്നും ക്രമീകരിച്ചില്ല | 1-9-3 |
| 16 | വസ്തുനികുതി ഒഴിവാക്കൽ-അക്കൌണ്ടിംഗ് നടപടിക്രമങ്ങൾ പാലിച്ചില്ല | 1-9-4 |
| 17 | ബാദ്ധ്യതാശീർഷകങ്ങളിൽ രേഖപ്പെടുത്തിയിട്ടുള്ള തുകകളെ സാധൂകരിക്കുന്ന രേഖകളില്ല | 1-9-5 |
| 18 | പ്രതിമാസ റിക്കൺസിലിയേഷൻ നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല | 1-9-6 |
| 19 | ഇ - പേയ്മെന്റിനുവേണ്ടി ആരംഭിച്ച കറന്റ് അക്കൗണ്ടുകളിൽ വൻതുക നീക്കിയിരിപ്പ് | 1-10 |
| 20 | സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലെ വൻതുക സ്ഥിരനിക്ഷേപമാക്കി മാറ്റാത്തതുമൂലം പലിശയിനത്തിൽ നഷ്ടം | 1-11 |
| 21 | നിയമ/ ചട്ടത്തിന്റെ പിൻബലമില്ലാതെ വസ്തു നികുതി ഒഴിവാക്കി | 1-12 |
| 22 | മൊബൈൽ ടവറുകൾക്ക് വസ്തു നികുതിയിൽ ഇളവ് അനുവദിച്ചു | 1-13 |
| 23 | വാണിജ്യ കെട്ടിടങ്ങൾക്ക് കുറഞ്ഞ നിരക്കിൽ വസ്തു നികുതി നിർണയിച്ചു | 1-14 |
| 24 | യന്ത്ര സാമഗ്രികൾ സ്ഥാപിക്കുന്നതിനുള്ള ഫീസ് ഈടാക്കിയിട്ടില്ല | 1-15 |
| 25 | കൃഷി ഓഫീസർ നടപ്പാക്കിയ പ്രൊജക്ടുകളുടെ ബില്ലിൽനിന്ന് ജി.എസ്.ടി ടി.ഡി.എസ് നടത്തിയില്ല | 1-16 |
| 26 | ഹാൻഡ് റെയിൽ നിർമാണ പ്രവൃത്തിയിൽ ചെയ്യാത്ത ഇനങ്ങൾക്ക് തുക അനുവദിച്ചു | 1-17 |
| 27 | റോഡ് കോൺക്രീറ്റ് / ഐറിഷ് ഓട നിർമാണപ്രവൃത്തികൾക്ക് അധികം തുക നൽകി | 1-18 |
| 28 | എസ്റ്റിമേറ്റിൽ കൃത്യമായ ഇനം ഉൾപ്പെടുത്താത്തതു മൂലം നഷ്ടം സംഭവിച്ചു | 1-19 |
| 29 | ലൈഫ് ഭവന പദ്ധതി-സർക്കാർ പരിധി അധികരിച്ച് ഗുണഭോക്താവിന് തുക നൽകി | 1-20 |
| 30 | കാലഹരണപ്പെട്ട നിക്ഷേപങ്ങൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയിട്ടില്ല | 1-21 |
| 31 | ഇലക്ഷൻ നിക്ഷേപം കണ്ടുകെട്ടാൻ നടപടികളായില്ല | 1-22 |
| 32 | മരുന്നു വാങ്ങൽ പ്രോജക്ട്-വിതരണ ഏജൻസി ഔഷധങ്ങൾ ലഭ്യമാക്കിയിട്ടില്ല | 1-23 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | ഹാൻഡ് റെയിൽ നിർമാണ പ്രവൃത്തിയിൽ ചെയ്യാത്ത ഇനങ്ങൾക്ക് തുക അനുവദിച്ചു | 3-1 |
| 2 | റോഡ് കോൺക്രീറ്റ് / ഐറിഷ് ഓട നിർമാണപ്രവൃത്തികൾക്ക് അധികം തുക നൽകി | 3-2 |
| 3 | എസ്റ്റിമേറ്റിൽ കൃത്യമായ ഇനം ഉൾപ്പെടുത്താത്തതു മൂലം നഷ്ടം- ₹24520/- | 3-3 |
| | ഭാഗം **4** | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾ | 4-3 |

| | | |
|---|---|---|
| 4 | മൊബിലൈസേഷൻ അഡ്വാൻസ് | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 9 | ചാർജ്/സർചാർജ് സർട്ടിഫിക്കറ്റ് വിവരങ്ങൾ | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കുവാനവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിവരം | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

23.02.2021-ലെ പഞ്ചായത്ത് ബജറ്റ് കമ്മിറ്റിയിൽ അവതരിപ്പിച്ച ₹35,50,676/- മുന്നിരിപ്പും ₹17,29,85,000/- വരവും ₹17,34,82,900/- ചെലവും ₹30,52,776/- നീക്കിയിരിപ്പും വരുന്ന 2021-22 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റ് ഭരണസമിതിയുടെ 26.02.2021-ലെ യോഗത്തിലെ 1-1 തീരുമാന പ്രകാരം അംഗീകാരം നേടി. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി 18.02.2021-ൽ ബജറ്റ് അംഗീകരിച്ചിട്ടുണ്ട്. 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 214-ാം വകുപ്പിൽ നിഷ്കർഷിച്ചിരിക്കുന്ന നടപടി ക്രമങ്ങൾ പൂർണ്ണമായും പാലിച്ചുകൊണ്ടല്ല ബജറ്റ് തയ്യാറാക്കിയിട്ടുള്ളത്. സർക്കാർ അതത് സമയങ്ങളിൽ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും നിർണ്ണയിക്കുന്ന ചട്ടങ്ങൾക്കും വിധേയമായി 175-ാം വകുപ്പനുസരിച്ച് തയ്യാറാക്കിയതും അനുവദിച്ചതുമായ വികസന പദ്ധതികളുടെ ചെലവ് ഉൾപ്പെടെ അടുത്ത വർഷത്തേക്ക് ഉണ്ടാകാനിടയുള്ള ചെലവുകളുടെ വിശദമായ എസ്റ്റിമേറ്റ് അടങ്ങുന്ന ബജറ്റ് നിർദ്ദേശങ്ങൾ ഓരോ വർഷവും ജനുവരി 15-ന് മുമ്പായി ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മിറ്റികൾ സെക്രട്ടറിയും അതത് വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥന്മാരും നൽകുന്ന എസ്റ്റിമേറ്റും നിർദ്ദേശങ്ങളും പരിഗണിച്ച് തയ്യാറാക്കേണ്ടതും അത് ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിക്ക് നൽകേണ്ടതുമാണ് [വകുപ്പ് 214 (1)]. എന്നാൽ, സ്റ്റാന്റിംഗ് കമ്മിറ്റികളും വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരും സമർപ്പിച്ച ബജറ്റ് പ്രപ്പോസലുകൾ, അതിന്റെ അടിസ്ഥാനത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തയ്യാറാക്കിയ ബജറ്റിന് ആധാരമാക്കിയ രേഖകളും വിവരങ്ങളും അടങ്ങിയ ബജറ്റ് ഫയൽ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരും ബജറ്റ് നിർദ്ദേശങ്ങൾ സമർപ്പിച്ചിരുന്നോയെന്നും ബജറ്റ് നിർദ്ദേശങ്ങൾ സമർപ്പിച്ചവരുടെ നിർദ്ദേശങ്ങൾ പരിഗണിച്ചാണോ ബജറ്റ് തയ്യാറാക്കിയതെന്നും ഉറപ്പാക്കുന്നതിന് സാധിക്കുന്നില്ല.

ബജറ്റിൽ വിഭാവനം ചെയ്ത വരവിലോ ബജറ്റിൽ, എസ്റ്റിമേറ്റിൽ കൂടുതൽ ഏതിനത്തിലെങ്കിലും ചെലവഴിച്ചാലോ വ്യതിയാനം വ്യക്തമാക്കി പുതുക്കിയ ബജറ്റ് അവതരിപ്പിച്ച് അംഗീകാരം നേടേണ്ടതുമാണ്. ഡിസംബർ അവസാന വാരം ഉദ്യോഗസ്ഥരുടെ പക്കൽ നിന്നും (ഘടക സ്ഥാപനങ്ങളിലെ ഓഫീസ് തലവന്മാരിൽ നിന്നും) തന്നാണ്ട് വർഷത്തെ റിവൈസ്ഡ് ബജറ്റിനുള്ള പ്രൊപ്പോസലുകൾ സെക്രട്ടറി ആവശ്യപ്പെടേണ്ടതാണ്. എന്നാൽ, ഉദ്യോഗസ്ഥരുടെ പക്കൽ നിന്നും തന്നാണ്ട് വർഷത്തെ റിവൈസ്ഡ് ബജറ്റിനുള്ള പ്രൊപ്പോസലുകൾ സ്വീകരിച്ചല്ല ബജറ്റ് പരിഷ്കരിച്ചത്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 04.02.2022ലെ 2-1 ശുപാർശയുടെ അടിസ്ഥാനത്തിൽ 19.02.2022-ലെ പഞ്ചായത്ത് ബജറ്റ് കമ്മിറ്റിയിൽ അവതരിപ്പിച്ച ₹35,50,676/- മുന്നിരിപ്പും ₹17,39,85,000/- വരവും ₹17,47,22,900/- ചെലവും ₹28,12,776/- നീക്കിയിരിപ്പും വരുന്ന 2021-22 സാമ്പത്തിക വർഷത്തേക്കുള്ള പരിഷ്കരിച്ച ബജറ്റ് 2-1 തീരുമാന പ്രകാരം അംഗീകാരം നേടി.

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എല്ലാ മാസത്തെയും വരവ്-ചെലവുകൾ അംഗീകരിച്ചിട്ടുണ്ട്. എന്നാൽ, ബജറ്റിനെ അടിസ്ഥാനപ്പെടുത്തിയല്ല കണക്കുകൾ അംഗീകരിച്ചിട്ടുള്ളത്. എല്ലാ മാസവും ബജറ്റ് അവലോകനം നടത്തുന്നില്ല. അതിനാൽ, 2021-22-ലെ ബജറ്റ് എസ്റ്റിമേറ്റും വാർഷിക കണക്കുകളും തമ്മിൽ പൊരുത്തക്കേടുകളുണ്ട്. കേരള പഞ്ചായത്ത് രാജ് നിയമം 214 വകുപ്പിൽ അനുശാസിക്കുന്ന രീതിയിൽ അപാകതകളില്ലാതെ ബജറ്റ് തയ്യാറാക്കുന്നതിനും ബജറ്റ് യഥാർത്ഥ വരവ് ചെലവുകൾക്കനുസരിച്ച് പുതുക്കുന്നതിനും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. പഞ്ചായത്തിന്റെ മുൻ വർഷങ്ങളിലെ ബജറ്റ്, വാർഷിക കണക്കുകൾ എന്നിവ താരതമ്യം ചെയ്തും നിർവ്വഹണ ഉദ്യോഗസ്ഥരിൽ നിന്നും വിവിധ സെക്ഷനുകളിൽ നിന്നും വിവരങ്ങൾ ശേഖരിച്ചും വേണം ബജറ്റ് തയ്യാറാക്കേണ്ടത്. യഥാർത്ഥ കണക്കുകളുമായി ഗണ്യമായ വ്യത്യാസം കാണിക്കുന്ന ബജറ്റ് തയ്യാറാക്കുന്നത് പഞ്ചായത്തിന്റെ ധനകാര്യ മാനേജ്മെന്റിനെ പ്രതികൂലമായി ബാധിക്കും. യഥാർത്ഥ വിവരങ്ങൾ വിശകലനം ചെയ്ത് ബജറ്റ് തയ്യാറാക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

### 1-2 വാർഷികധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2022 | 28.04.2022 | - | - |

### 1-3 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് (₹) | അലോട്ട്മെന്റ്/ വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരിപ്പ്/ (₹) | കുറിപ്പ് |
|---|---|---|---|---|---|---|
| വികസന ഫണ്ട്-പൊതുവിഭാഗം | 0 | 16646107 | 16646107 | 14206069 | | |
| വികസന ഫണ്ട്-എസ്.സി.പി | 0 | 16523600 | 16523600 | 15422000 | | |
| വികസന ഫണ്ട് - ടി.എസ്.പി | 0 | 208600 | 208600 | 182352 | | |
| 15-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺടൈഡ്) | 0 | 4343882 | 4343882 | 3558760 | 785122 | |
| 15-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | 0 | 6653168 | 6653168 | 3091474 | 3561694 | |
| സംരക്ഷണ ഗ്രാന്റ് - റോഡ് | 0 | 6484448 | 6484448 | 5789414 | | |
| സംരക്ഷണ ഗ്രാന്റ്-റോഡിതരം | 0 | 6284727 | 6284727 | 4015239 | | |
| സമ്പൂർണ്ണ ശുചിത്വം | 32147 | 0 | 32147 | 0 | 32147 | |
| പശ്ചിമഘട്ട വികസന പദ്ധതി | 14103 | 0 | 14103 | 0 | 14103 | |
| ഐ.സി.ഡി.എസ് | 589715 | 738020 | 1327735 | 837171 | 490564 | |
| എം.എൽ.എ ഫണ്ട് | 17 | 0 | 17 | 0 | 17 | |
| നബാർഡ് | 144000 | 0 | 144000 | 0 | 144000 | |
| പകർച്ചവ്യാധി നിയന്ത്രണം | 371836 | 500000 | 871836 | 0 | 871836 | |
| വിമുക്തി | 39140 | 0 | 39140 | 0 | 39140 | |
| ഹരിതകേരളം | 17193 | 0 | 17193 | 0 | 17193 | |
| മഴക്കാല പൂർവ്വ ശുചീകരണം | 0 | 140000 | 140000 | 140000 | 0 | |
| സാക്ഷരത | 0 | 26909 | 26909 | 26909 | 0 | |

വിവിധ ഫണ്ടുകൾക്ക് ലഭിച്ച ബജറ്റ് വിഹിതം, അധിക അലോട്ട്മെന്റ് എന്നിവയുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ഫണ്ടിനം | ബജറ്റ് വിഹിതം | അധിക അലോട്ട്മെന്റ് | | ആകെ ലഭിച്ച ഫണ്ട് |
|---|---|---|---|---|
| | | 2020-21 ക്യാരി ഓവർ (പകുതി) | വോട്ടിംഗ് മെഷീൻ തുക തിരികെ | |
| വികസനഫണ്ട് (ജനറൽ) | 16335000 | 311107 | 0 | 16646107 |
| വികസനഫണ്ട് (SCP) | 15422000 | 1101600 | 0 | 16523600 |
| വികസനഫണ്ട് (TSP) | 183000 | 25600 | 0 | 208600 |
| മെയിന്റനൻസ് ഗ്രാന്റ് - റോഡിതരം | 6239000 | 0 | 45727 | 6284727 |

1-3-1 ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ അപാകങ്ങൾ

1. വിവിധ ഫണ്ടുകളുടെ വിഹിതം അനുവദിച്ച വേളയിൽ ചുവടെ കൊടുത്തിരിക്കുന്ന തുകകൾ സ്രോതസ്സിൽ നിന്നും കിഴിവ് ചെയ്തിട്ടുണ്ട്. എന്നാൽ, ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ വരവ് വിശദാംശങ്ങൾ ചേർത്തിട്ടില്ല.

| ഫണ്ട് | ആകെ വിഹിതം | ലൈഫ് ലോൺ | അംഗൻവാടി ഹോണറേറിയം | അക്കൗണ്ട് ചെയ്ത ഫണ്ട് |
|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 16646107 | 1327189 | 1270200 | 14048718 |
| വികസനഫണ്ട് (SCSP) | 16523600 | 538456 | 0 | 15985144 |
| വികസനഫണ്ട് (TSP) | 208600 | 26356 | 0 | 182244 |

2. കേന്ദ്ര സംസ്ഥാന സർക്കാരുകൾ, വിവിധ ഏജൻസികൾ എന്നിവയിൽ നിന്നും പ്രത്യേക ഉദ്ദേശ്യങ്ങൾക്കായി ലഭിക്കുന്ന ഗ്രാന്റുകളുടെ വരവ്, ചെലവ്, നീക്കിയിരിപ്പ് വിശദാംശങ്ങൾ സ്രോതസ്സും ഇനം തിരിച്ചും ലഭ്യമല്ല.

1-3-2 റോഡിതര മെയിന്റനൻസ് ഫണ്ട് ചെലവ് 63.89ശതമാനം മാത്രം. 10.13 ലക്ഷം ലാപ്സായി.

വോട്ടിംഗ് മെഷീനായി 2020-21ൽ സ്രോതസിൽ നിന്നും കുറവു ചെയ്ത ₹45727/- ഉൾപ്പടെ റോഡിതര മെയിന്റനൻസ് ഫണ്ട് വിഹിതമായ ₹6284727/- ൽ 2021-22 സാമ്പത്തിക വർഷം ₹4015239/- മാത്രമാണ് ചെലവഴിച്ചത്. അനുവദിച്ച ഫണ്ടിന്റെ കേവലം 63.89 ശതമാനം മാത്രമാണ് ചെലവ്. 15.07.2021ലെ സ.ഉ(കൈ)നം.79/2021/ധന പ്രകാരം 2021-22 സാമ്പത്തിക വർഷം അനുവദിച്ച വികസന ഫണ്ടിൽ 80% ചെലവഴിക്കാത്ത പക്ഷം അനുവദിച്ച തുകയുടെ പരമാവധി 20 ശതമാനം വരെ മാത്രമേ അടുത്ത സാമ്പത്തിക വർഷം ക്യാരി ഓവർ ചെയ്യുവാൻ അനുമതിയുള്ളൂ. അതിനാൽ, ചുവടെ കൊടുത്തിരിക്കുന്ന പ്രകാരം ₹1012543/- ലാപ്സായി.

| അലോട്ട്മെന്റ് | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം | 2022-23ൽ അനുവദിക്കുന്ന ക്യാരി ഓവർ തുക | ലാപ്സായ തുക |
|---|---|---|---|---|---|
| 6284727 | 4015239 | 2269488 | 63.89 | 1256945 | 1012543 |

1-3-3 പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പരിപാലിക്കുന്നില്ല-വാർഷിക കണക്കുകളിലെ തുകകളുടെ കൃത്യത വ്യക്തമല്ല

ഗ്രാമപഞ്ചായത്തിന്റെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ ചുവടെ കൊടുത്തിരിക്കുന്ന ശീർഷകങ്ങളിൽ വരവ് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ, പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പരിപാലിക്കുന്നില്ലാത്തതിനാൽ തുകകളുടെ വരവ് വിശദാംശങ്ങൾ, തുക നൽകിയ സ്ഥാപനം/ഏജൻസി-യുടെ വിവരം, തുക അനുവദിച്ചതിന്റെ ഉദ്ദേശ്യം, തുക വിനിയോഗിച്ചിട്ടുണ്ടെങ്കിൽ വിനിയോഗ വിവരം എന്നിവ വ്യക്തമല്ല. ഒരേ ഏജൻസിയുടെ/സ്ഥാപനത്തിന്റെ പേരിൽ പല ശീർഷകങ്ങളിൽ വരവ് രേഖപ്പെടുത്തിയിട്ടുണ്ട്. കൂടാതെ, ജേണൽ എൻട്രികൾ മുഖേന ഒരു ശീർഷകത്തിൽ നിന്നും വ്യക്തമായ വിവരണം രേഖപ്പെടുത്താതെ മറ്റ് ശീർഷകങ്ങളിലേയ്ക്ക് തുകകൾ ക്രമീകരിച്ചിട്ടുണ്ട്. ഫണ്ടുകളുടെ വരവ് രേഖപ്പെടുത്തുമ്പോൾ കൃത്യമായ വിവരണം നൽകിയിട്ടില്ലാത്തതിനാൽ ഫണ്ടിന്റെ ഉറവിടം, ഉദ്ദേശ്യം എന്നിവ വ്യക്തമല്ല. കൂടാതെ, ചെലവുകൾ കൃത്യമായി രേഖപ്പെടുത്താതെ വർഷാവസാനം ഒരു ജേണൽ എൻട്രി മുഖേന ഇൻകം ഹെഡിലേയ്ക്കോ മറ്റ് ഹെഡിലേയ്ക്കോ തുക മാറ്റിയിരിക്കുകയാണ്.

| ക്രമ നം | ശീർഷകം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ്/ക്രമീകരണം | നീക്കിയിരിപ്പ് | റിമാർക്സ് |
|---|---|---|---|---|---|---|---|
| 1 | 320100198 | 2990270 | 140000 | 3130270 | 1088863 | 2041407 | മഴക്കാലപൂർവ്വ ശുചീകരണം 140000/- ഗ്രാന്റ് വിനിയോഗത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ബാക്കി തുകകൾ ജേണൽ വൌച്ചർ മുഖേന ഇൻകം ഹെഡിലേയ്ക്ക് ക്രമീകരണം നടത്തിയതിന്റെ വിവരങ്ങൾ ലഭ്യമല്ല. |
| 2 | 320300199 | 2415580 | 3192727 | 5608307 | 5363214 | 245093 | ജേണൽ വൌച്ചർ മുഖേന ഇൻകം ഹെഡിലേയ്ക്ക് ക്രമീകരണം |

മേൽ തുകകളുടെ വരവ് വിശദാംശങ്ങൾ, തുക നൽകിയ സ്ഥാപനം/ഏജൻസി-യുടെ വിവരം, തുക അനുവദിച്ചതിന്റെ ഉദ്ദേശ്യം, തുക വിനിയോഗിച്ചിട്ടുണ്ടെങ്കിൽ വിനിയോഗ വിവരം എന്നിവ ലഭ്യമാക്കേണ്ടതാണ്. തുകകൾ ഇൻകം ഹെഡിലേയ്ക്ക് ജേണൽ വൌച്ചർ മുഖേന ക്രമീകരിച്ചതിന് രേഖകൾ സഹിതം വിശദീകരണം ലഭ്യമാക്കേണ്ടതാണ്. കൂടാതെ ഒരു ഹെഡിൽ നിന്നും മറ്റൊരു ഹെഡിലേയക്ക് തുക ജേണൽ വൌച്ചർ മുഖേന ക്രമീകരിച്ചതിനും രേഖകൾ സഹിതം വിശദീകരണം ലഭ്യമാക്കേണ്ടതാണ്. തുക വിനിയോഗിച്ചിട്ടുണ്ടെങ്കിൽ ബാദ്ധ്യത ശീർഷകത്തിൽ നിന്നും തുക ഇൻകം ശീർഷകത്തിലേയ്ക്ക് മാറ്റാത്തതിനും വിനിയോഗിച്ചിട്ടില്ലെങ്കിൽ ആയതിനും വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1-4 പദ്ധതി അവലോകനം

2021-22 സാമ്പത്തിക വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 220 | 130134052 | 179 | 70330536 | 0 | 41 | 81.36 |

ഗ്രാമപഞ്ചായത്തിന്റെ 2021-22 വാർഷിക പദ്ധതിയ്ക്ക് 2021 ഫെബ്രുവരി മാസം അംഗീകാരം ലഭിച്ചിരുന്നു. പിന്നീട് 5.08 കോടി രൂപ അടങ്കലിൽ 42 സ്പിൽ ഓവർ പദ്ധതികൾ കൂടി ഉൾപ്പെടുത്തി 2021 മെയ് മാസം പദ്ധതി പരിഷ്കരിച്ചു. കൂടാതെ, ധനകാര്യകമ്മീഷൻ ഗ്രാന്റിന്റെയും സംരക്ഷണ ഗ്രാന്റിന്റെയും അധിക വിഹിതം ഉൾപ്പെടുത്തി പുതിയ പ്രോജക്ടുകളും ഏറ്റെടുത്തിട്ടുണ്ട്. വാർഷികപദ്ധതി രൂപീകരണ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| | |
|---|---|
| വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങൾ | 22.01.2021 |
| ഗ്രാമസഭ, ഊരുകൂട്ട യോഗങ്ങൾ | 09.02.2021 – 15.02.2021 |
| വികസന സെമിനാർ | 22.02.2021 |
| സ്റ്റാന്റിംഗ് കമ്മിറ്റികളുടെ അംഗീകാരം | 22.02.2021 |
| ഭരണസമിതിയുടെ അംഗീകാരം | 22.02.2021 (1-1) |

വർക്കിംഗ് ഗ്രൂപ്പുകൾ തങ്ങളുടെ പരിധിയിൽ വരുന്ന വിഷയങ്ങളിൽ ആഴത്തിലുള്ള വിശകലനങ്ങൾ നടത്തി ഏറ്റവും പ്രാധാന്യമുള്ള പ്രോജക്ടുകൾ നിർദ്ദേശിക്കുന്നതിനു പകരം മുൻവർഷങ്ങളിൽ ചെയ്തതുപോലെ ആവർത്തനപരമായ പ്രോജക്ടുകൾ നിർദ്ദേശിക്കുക മാത്രമാണ് ചെയ്തിട്ടുള്ളത്. 2021-22 ൽ ഒരു യോഗം മാത്രമാണ് ചേർന്നിട്ടുള്ളത്.

ഗ്രാമസഭാ യോഗങ്ങൾ 10.02.2021 മുതൽ കൂടിയിട്ടുണ്ട്. ഗ്രാമസഭാ പ്രദേശത്തെ വികസന ആവശ്യങ്ങൾ യോഗത്തിൽ ചർച്ച ചെയ്യുകയും നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനും ശ്രമിച്ചിട്ടുണ്ട്.

സ്റ്റാന്റിംഗ് കമ്മറ്റികളിൽ വാർഷിക പദ്ധതി സംബന്ധിച്ച് വിശദമായ വിശകലനങ്ങൾ നടത്താതെ വർക്കിംഗ് ഗ്രൂപ്പുകളുടെ നിർദേശങ്ങൾ അതേപടി അംഗീകരിക്കുകയാണ് ചെയ്തിട്ടുള്ളത്. വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ പ്രോജക്ടുകൾ ഉപേക്ഷിക്കുന്നതും ഭേദഗതി ചെയ്യുന്നതും പുതിയ പ്രോജക്ടുകൾ ഏറ്റെടുക്കുന്നതും സ്റ്റാന്റിംഗ് കമ്മിറ്റികളുടെ പരിഗണനയ്ക്ക് വരാതെയാണ്.

| ഇനം | ആവിഷ്കരിച്ച പ്രോജക്ടുകൾ | നടപ്പാക്കിയ പ്രോജക്ടുകൾ | നടപ്പാക്കിയ പ്രോജക്ടുകളുടെ ശതമാനം | അടങ്കൽ (₹) | ചെലവ് (₹) | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| സ്പിൽ ഓവർ | 42 | 28 | 66.67 | 50802582 | 17092596 | 33.65 |
| പുതിയത് | 178 | 151 | 84.83 | 79331470 | 53237940 | 67.11 |
| ആകെ | 220 | 179 | 81.36 | 130134052 | 70330536 | 54.04 |

13.01 കോടി രൂപയുടെ 2021-22 വാർഷിക പദ്ധതിയിൽ 7.03 കോടി രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. ആവിഷ്കരിച്ച 220 പ്രോജക്ടുകളിൽ 81.36 ശതമാനം പൂർത്തീകരിച്ച് സമയബന്ധിതമായി ബില്ലുകൾ മാറുന്നതിന് സാധിച്ചിട്ടുണ്ട്. വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ ആവിഷ്കരിച്ചതും നടപ്പാക്കിയതുമായ പ്രോജക്ടുകളുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | ആവിഷ്കരിച്ച പ്രോജക്ടുകൾ | നടപ്പാക്കിയ പ്രോജക്ടുകൾ | നടപ്പാക്കിയ പ്രോജക്ടുകളുടെ ശതമാനം | അടങ്കൽ (₹) | ചെലവ് (₹) | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| കൃഷി ഓഫീസർ | 4 | 4 | 100 | 3480426 | 2761881 | 79.35 |
| വെറ്ററിനറി സർജൻ | 4 | 4 | 100 | 1895360 | 1895360 | 100 |
| മെഡിക്കൽ ഓഫീസർ-പി.എച്ച്.സി | 8 | 7 | 87.5 | 2352727 | 2151405 | 91.44 |
| മെഡിക്കൽ ഓഫീസർ-ഹോമിയോ | 1 | 1 | 100 | 200000 | 200000 | 100 |
| മെഡിക്കൽ ഓഫീസർ-ആയുർവ്വേദം | 7 | 7 | 100 | 1100000 | 1097701 | 99.79 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 11 | 11 | 100 | 41137204 | 11100970 | 26.99 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 11 | 9 | 81.82 | 6805000 | 5767149 | 84.75 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 1 | 1 | 100 | 1800000 | 453153 | 25.18 |
| സെക്രട്ടറി | 32 | 26 | 81.25 | 16754228 | 11606591 | 69.28 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 127 | 97 | 76.38 | 44882813 | 26665273 | 59.41 |
| അസിസ്റ്റന്റ് സെക്രട്ടറി | 13 | 11 | 84.62 | 9111294 | 6566653 | 72.07 |
| സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 1 | 1 | 100 | 615000 | 64400 | 10.47 |
| ആകെ | 220 | 179 | 81.36 | 130134052 | 70330536 | 54.04 |

പൊതു വിഭാഗത്തിൽ അംഗീകാരം ലഭിച്ച 182 പ്രോജക്ടുകളിൽ 143 എണ്ണം നടപ്പാക്കി. പൊതുവിഭാഗത്തിൽ ചെലവ് 55.59 ശതമാനമാണ് ചെലവ്. പട്ടികജാതി വിഭാഗത്തിൽ ആവിഷ്കരിച്ച 33-ൽ 31 പ്രോജക്ടുകളും പട്ടികവർഗ്ഗ വിഭാഗത്തിൽ ആവിഷ്കരിച്ച 5 പ്രോജക്ടുകളും നടപ്പാക്കി. പട്ടികജാതി വിഭാഗത്തിൽ ചെലവ് 49.34 ശതമാനവും പട്ടികവർഗ്ഗ വിഭാഗത്തിൽ 62.94 ശതമാനവുമാണ്.

വിവിധ മേഖലകളിൽ അംഗീകാരം ലഭിച്ച പ്രോജക്ടുകൾ, നടപ്പാക്കിയ പ്രോജക്ടുകൾ, നീക്കിവച്ച തുക, ചെലവഴിച്ച തുക എന്നിവയുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| മേഖല | ആവിഷ്കരിച്ച | നടപ്പാക്കിയ | നടപ്പാക്കിയ പ്രോജക്ടുകളുടെ | അടങ്കൽ | ചെലവ് | ചെലവ് |
|---|---|---|---|---|---|---|

| | പ്രോജക്ടുകൾ | പ്രോജക്ടുകൾ | ശതമാനം | (₹) | (₹) | ശതമാനം |
|---|---|---|---|---|---|---|
| ഉല്പാദനം | 13 | 11 | 84.62 | 8259786 | 5358956 | 64.88 |
| സേവനം | 114 | 86 | 75.44 | 87039023 | 37258410 | 42.81 |
| പശ്ചാത്തലം | 93 | 82 | 88.17 | 34835243 | 27713170 | 79.55 |
| ആകെ | 220 | 179 | 81.36 | 130134052 | 70330536 | 54.04 |

ഗ്രാമസഭയുടെ അംഗീകാരം തേടാതെയാണ് പുതിയ പ്രോജക്ടുകൾ ഏറ്റെടുത്തിട്ടുള്ളതും അംഗീകാരം ലഭിച്ച പ്രോജക്ടുകൾക്ക് ഭേദഗതി വരുത്തിയിട്ടുള്ളതും. 2021 ഫെബ്രുവരിയിൽ തന്നെ 2021-22 വാർഷിക പദ്ധതിയ്ക്ക് അംഗീകാരം ലഭിച്ചെങ്കിലും പദ്ധതി നിർവ്വഹണത്തിലെ വിവിധ ഘട്ടങ്ങളിൽ വരുന്ന കാലതാമസം കാരണമാണ് സമയബന്ധിതമായി പദ്ധതി പൂർത്തീകരിക്കുന്നതിന് സാധിക്കാതെ വരുന്നത്. സ്റ്റാന്റിംഗ് കമ്മിറ്റികൾ പദ്ധതി നിർവ്വഹണ പുരോഗതി വിലയിരുത്തി പ്രോജക്ടുകൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടില്ല.

## 1-5 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 246121 | 1040706 | 1286827 | 1233272 | 53555 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 29034561 | 29034561 | 29034561 | 0 |

## 1-6 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക (₹) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| വാർദ്ധക്യകാലപെൻഷൻ | 2573800 | 1760 |
| കർഷകതൊഴിലാളി പെൻഷൻ | 176800 | 118 |
| വിധവാപെൻഷൻ | 997200 | 645 |
| 50 വയസിനു മുകളിൽ പ്രായമായ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 16000 | 11 |
| വികലാംഗപെൻഷൻ | 367600 | 240 |

## 1-7 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 17.01.2023-ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹2591/- (രണ്ടായിരത്തി അഞ്ഞൂറ്റി തൊണ്ണൂറ്റി ഒന്ന് രൂപ മാത്രം) ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തര നിയന്ത്രണം

ഓഫീസ് ഉത്തരവ് മുഖേന ജീവനക്കാർക്ക് ജോലി വിഭജിച്ച് നൽകിയിട്ടുണ്ട്. കൃത്യമായ ഇടവേളകളിൽ ജോലി വിലയിരുത്തി മേൽനോട്ട ചുമതലയുള്ളവർ മോണിറ്ററിംഗ് നടത്തേണ്ടതാണ്.

ധനമാനേജ്മെന്റിന് അടിസ്ഥാനമായ ബജറ്റ് തയ്യാറാക്കുന്നതിൽ നിയമപ്രകാരമുള്ള നടപടികൾ പാലിക്കുന്നതിൽ പഞ്ചായത്തിന് വീഴ്ച ഉണ്ടായിട്ടുണ്ട്. വാർഷിക പദ്ധതി ബജറ്റുമായി സംയോജിപ്പിച്ചിട്ടില്ല. പ്രതിമാസ വരവ്-ചെലവ് കണക്ക് അംഗീകരിക്കുമ്പോൾ കണക്കുകളുമായി ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും ഫയലുകളും കൃത്യമായി സൂക്ഷിക്കുന്നുണ്ടോയെന്നും ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തുന്നുണ്ടൊയെന്നും കൃത്യമായ ഉത്തരവുകളുടെയും രേഖകളുടെയും അടിസ്ഥാനത്തിലാണ് തുക ചെലവഴിക്കുന്നതെന്നും ബജറ്റ് പ്രൊവിഷന് അനുസൃതമായിട്ടാണ് ചെലവഴിക്കുന്നതെന്നും ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ഉറപ്പ് വരുത്തുന്നില്ല. സാധനങ്ങളും സേവനങ്ങളും വാങ്ങുന്നത് സംബന്ധിച്ച് കൃത്യമായ പ്രൊക്യൂർമെന്റ് പ്ലാനും ബജറ്റും പഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല. വാങ്ങേണ്ടി വരുന്ന സാധനങ്ങളുടെയും സേവനങ്ങളുടെയും മൊത്തത്തിലുള്ള കണക്കെടുപ്പ് വാർഷാരംഭത്തിൽ തന്നെ നടത്തി സമാഹരണം നടത്തുവാൻ പ്രൊക്യൂർമെന്റ് കമ്മിറ്റി ശ്രദ്ധിക്കേണ്ടതാണ്.

ആസ്തികളുടെയും സ്റ്റോറുകളുടെയും വാർഷിക ഭൗതിക പരിശോധന നടത്തുന്നില്ല. വാർഷിക കണക്കുകൾ പ്രകാരം നിക്ഷേപ പ്രവൃത്തികൾ, തൊഴിലുറപ്പ പദ്ധതിയുടെ ഭരണച്ചെലവുകൾ എന്നീയിനങ്ങളിൽ മുൻകൂർ നൽകിയിട്ടുണ്ടെങ്കിലും മുൻകൂർ രജിസ്റ്ററിൽ ഓണം മുൻകൂർ വിവരങ്ങൾ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

ഗ്രാമപഞ്ചായത്തിന്റെ സ്ഥാവര-ജംഗമ ആസ്തികൾ സംബന്ധിച്ച വിവരങ്ങൾ കൃത്യമായി ക്രോഡീകരിച്ച് സൂക്ഷിക്കുവാനും യഥാകാലം കൂട്ടിച്ചേർക്കലുകൾ നടത്തി സമഗ്രമാക്കാനും സർക്കാർ കർശന നിർദ്ദേശങ്ങൾ നൽകിയിട്ടും അത് നാളിതുവരെ നടപ്പായിട്ടില്ല. ഗ്രാമ പഞ്ചായത്തിന്റെ എല്ലാ സ്ഥാവര-ജംഗമ ആസ്തികളും കാലഹരണപ്പെട്ടുപോകാതെ കൃത്യമായി കണ്ടെത്തി ആസ്തി രജിസ്റ്ററിൽ ചേർക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

വാങ്ങുന്ന സ്റ്റോക്കുകളുടെ വിവരങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ, ബിൽ/വൗച്ചർ വിവരങ്ങൾ, പർച്ചേസ് ബിൽ വിവരങ്ങൾ, സ്പെസിഫിക്കേഷൻ വാറണ്ടി സ്റ്റോക്കിന്റെ മൂല്യം ഉടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല. സാമ്പത്തിക വർഷാവസാനം സ്റ്റോക്കുകളുടെ ഭൗതിക പരിശോധന നടത്തി പരിശോധന റിപ്പോർട്ട് രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

പഞ്ചായത്തിന്റെ തനതു വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പുതിയ നികുതി നിർദ്ദേശങ്ങളൊന്നും തന്നെ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി യോഗങ്ങളിൽ ഉയർന്നു വന്നിട്ടില്ല.

തീർപ്പാക്കാൻ ശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുവാനാവശ്യമായ നടപടികൾ സ്വീകരിക്കുകയും ഓഡിറ്റ് അദാലത്തിനോട് ക്രിയാത്മകമായ സമീപനം സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

ചൂണ്ടിക്കാട്ടിയ അപാകതകൾ പരിഹരിച്ച്, അഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-9 വാർഷിക കണക്കുകളിലെ അപാകങ്ങൾ

2021-22 വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1-9-1 ജേണൽ വൗച്ചറുകളെ സാധൂകരിക്കുന്ന രേഖകൾ പരിപാലിക്കുന്നില്ല

ജേണൽ വൗച്ചർ പ്രകാരം വാർഷിക കണക്കുകളിൽ ക്രമീകരണങ്ങൾ നടത്തിയിട്ടുണ്ട്. എന്നാൽ, ജേണൽ വൗച്ചറുകൾ പ്രകാരം തുകകൾ ക്രമീകരിച്ചതിനെ സാധൂകരിക്കുന്ന അടിസ്ഥാന രേഖകളും രജിസ്റ്ററുകളും പരിപാലിക്കുന്നില്ല. ക്യാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽ ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ് (പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011, ചട്ടം 7). ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക് ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. പ്രധാനമായും വസ്തുനികുതിയിനത്തിലുള്ള പിരിവ്, ബാക്കി, മുൻകൂർ, കുടിശ്ശിക ഡിമാന്റ്, കുടിശ്ശിക പിരിവ്, കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും ക്രമീകരിക്കുവാനും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള ഡി.സി.ബി. രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനവലായി പൊരുത്തപ്പെടുത്താനും മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൗച്ചറും സൂക്ഷിക്കുന്നില്ല. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ വൗച്ചറുകൾ, വർക്ക് ഷീറ്റുകൾ എന്നിവ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. ജേണൽ വൗച്ചറുകൾ പ്രകാരം തുകകൾ ക്രമീകരിച്ചതിനെ സാധൂകരിക്കുന്ന അടിസ്ഥാന രേഖകളും രജിസ്റ്ററുകളും ഹാജരാക്കേണ്ടതാണ്.

1-9-2 വാർഷിക കണക്കുകളിലെ വിവിധ വരവുകളുടെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകളും രജിസ്റ്ററുകളിലെ തുകകളും തമ്മിൽ വ്യത്യാസം

വാർഷിക കണക്കുകളിലെ വിവിധ വരവുകളുടെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകളും രജിസ്റ്ററുകളിലെ തുകകളും തമ്മിൽ ചുവടെ കൊടുത്തിരിക്കുന്ന പ്രകാരം വ്യത്യാസമുണ്ട്.

| ഇനം | വാർഷിക കണക്കുകൾ | | | രജിസ്റ്റർ | | |
|---|---|---|---|---|---|---|
| | ഡിമാന്റ് | കളക്ഷൻ | ബാലൻസ് | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
| വസ്തുനികുതി (ഗാർഹികം) തൻവർഷം | 737855 | 656966 | 80889 | 677575 | 658823 | 17944 |
| വസ്തുനികുതി (ഗാർഹികം) കുടിശിക | 43775 | 61627 | 694 | 60632 | 61869 | 9835 |
| വസ്തുനികുതി (ഗാർഹികേതരം) തൻവർഷം | 10561764 | 9440328 | 1121236 | 10327824 | 9961792 | 664502 |
| വസ്തുനികുതി (ഗാർഹികേതരം) കുടിശിക | 1315113 | 1208512 | 106601 | 1694301 | 1207941 | 488122 |
| തൊഴിൽ നികുതി ജീവനക്കാർ (തൻവർഷം) | 1699320 | 1672320 | 0 | 1699320 | 1699320 | 0 |
| തൊഴിൽ നികുതി സ്ഥാപനങ്ങൾ (തൻവർഷം) | 263880 | 130600 | 0 | ഡി.സി.ബി തയ്യാറാക്കിയിട്ടില്ല | | |
| തൊഴിൽ നികുതി സ്ഥാപനങ്ങൾ (കുടിശിക) | 0 | 1250 | 0 | ഡി.സി.ബി തയ്യാറാക്കിയിട്ടില്ല | | |
| തൊഴിൽ നികുതി ട്രേഡേഴ്സ് (തൻവർഷം) | 150120 | 302900 | 0 | ഡി.സി.ബി തയ്യാറാക്കിയിട്ടില്ല | | |
| തൊഴിൽ നികുതി ട്രേഡേഴ്സ് (കുടിശിക) | 0 | 5000 | 0 | ഡി.സി.ബി തയ്യാറാക്കിയിട്ടില്ല | | |
| മറ്റ് വാടക (കുടിശിക) | 8000 | 0 | 0 | ഡി.സി.ബി തയ്യാറാക്കിയിട്ടില്ല | | |
| ലൈസൻസ് (തൻവർഷം) | 643900 | 637900 | 0 | ഡി.സി.ബി തയ്യാറാക്കിയിട്ടില്ല | | |
| ലൈസൻസ് (കുടിശിക) | 0 | 5000 | 0 | ഡി.സി.ബി തയ്യാറാക്കിയിട്ടില്ല | | |
| വാടക (കുടിശിക) | 59226 | 57402 | 8824 | ഡി.സി.ബി തയ്യാറാക്കിയിട്ടില്ല | | |

വാർഷിക കണക്കുകളിലും രജിസ്റ്ററിലും വസ്തു നികുതിയുടെ ഡിമാന്റ് രേഖപ്പെടുത്തിയിട്ടുള്ളത് വ്യത്യസ്തമായിട്ടാണ്. വാർഷിക കണക്കുകളും രജിസ്റ്ററുകളും തമ്മിൽ വ്യത്യാസം വന്നതിനും വാർഷിക കണക്കിലെയും രജിസ്റ്ററിലേയും ഡിമാന്റ് കളക്ഷൻ ബാലൻസ് തുകകൾ പൊരുത്തപ്പെടാത്തതിനും വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1-9-3 സ്റ്റെയിൽ ചെക്ക് തുക ബാധ്യതയിൽ നിന്നും ക്രമീകരിച്ചില്ല

ഗ്രാമപഞ്ചായത്തിന്റെ 31.03.2022-ലെ ആസ്തി-ബാദ്ധ്യത പത്രികയിലെ 350800101 - Liability In Respect Of Stale Cheques എന്ന ശീർഷകത്തിൽ ₹16,184/- രേഖപ്പെടുത്തിയിട്ടുണ്ട്. മൂന്നുമാസകാലാവധി കഴിഞ്ഞ Stale Cheque തുകകൾ ഗ്രാമപഞ്ചായത്തിന്റെ ബാദ്ധ്യതയിൽ നിന്നും ഒഴിവാക്കി 2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടങ്ങൾ 22, 44, 45 എന്നിവയിൽ വ്യവസ്ഥ ചെയ്തിട്ടുള്ള രീതിയിൽ തനതുഫണ്ടിൽ രേഖപ്പെടുത്തുന്നതിനുള്ള ക്രമീകരണങ്ങൾ നടത്തേണ്ടതാണ്. ക്രമീകരണം നടത്തിയതിന്റെ വിശദാംശങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്. സ്റ്റെയിൽ ചെക്ക് ബാദ്ധ്യതയായി വൻതുക ക്രമീകരിച്ചിരിക്കുന്നതിനും രേഖകൾ സഹിതം വിശദീകരണം ലഭ്യമാക്കേണ്ടതുമാണ്.

1-9-4 വസ്തുനികുതി ഒഴിവാക്കൽ-അക്കൌണ്ടിംഗ് നടപടിക്രമങ്ങൾ പാലിച്ചില്ല

ഗ്രാമപഞ്ചായത്തിലെ വസ്തുനികുതി റെമിഷൻ നടത്തിയത് അക്കൌണ്ടിംഗ് പോളിസി പാലിക്കാതെയാണ്. നികുതിദായകരുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ കെട്ടിടങ്ങളുടെ വസ്തു നികുതി 2021-22 സാമ്പത്തിക വർഷം ഒഴിവാക്കി നൽകിയിട്ടുണ്ട്. 490 കെട്ടിടങ്ങളുടെ വസ്തു നികുതിയായി ₹31,55,307/-യാണ് 2021-22 ലെ ഒന്ന്, രണ്ട് അർദ്ധവർഷങ്ങളിലായി ഒഴിവാക്കി നൽകിയിട്ടുള്ളത്. എന്നാൽ, വസ്തുനികുതി ഒഴിവാക്കി നൽകിയത് ഗ്രാമപഞ്ചായത്തിന്റെ വാർഷിക കണക്കിൽ പ്രതിഫലിച്ചിട്ടില്ല. സാമ്പത്തിക വർഷത്തെ ആകെ ഡിമാന്റ് തുകയിൽ നിന്നും ഒഴിവാക്കുന്ന കെട്ടിടങ്ങളുടെ വസ്തു നികുതി 110-90-00-00-Tax Remission & Refund ഹെഡിലേക്ക് ക്രമീകരിക്കുന്നതിനു പകരം ഡിമാന്റിൽ കുറവ് വരുത്തുകയാണ് ചെയ്തിട്ടുള്ളത്. അതിനാൽ വസ്തു നികുതി സംബന്ധിച്ച് കൃത്യമായ കണക്ക് വാർഷിക കണക്കിൽ പ്രതിഫലിക്കുന്നില്ല.

1-9-5 ബാദ്ധ്യതാശീർഷകങ്ങളിൽ രേഖപ്പെടുത്തിയിട്ടുള്ള തുകകളെ സാധൂകരിക്കുന്ന രേഖകളില്ല

ഗ്രാമപഞ്ചായത്തിന്റെ ആസ്തി ബാദ്ധ്യത പത്രിക പരിശോധിച്ചതിൽ ചുവടെ കൊടുത്തിരിക്കുന്ന ബാദ്ധ്യതാശീർഷകങ്ങളിൽ രേഖപ്പെടുത്തിയിട്ടുള്ള തുകകളെ സാധൂകരിക്കുന്ന രേഖകളില്ല.

| ഷെഡ്യൂൾ | ഹെഡ് | വിശദാംശങ്ങൾ | തുക |
|---|---|---|---|
| B-9 Other Liabilities | 350300103 | Government And Other Dues Payable-Value Added Tax | 1780 |
| | 350300111 | Government And Other Dues Payable- Flood Cess | 214 |

| | | | |
|---|---|---|---|
| | 320300112 | Government And Other Dues Payable- Value Of Court Fee Stamp | 115 |

മുകളിൽ സൂചിപ്പിച്ചിട്ടുള്ള മറ്റ് ഹെഡുകളിലെ രേഖപ്പെടുത്തലുകൾ സംബന്ധിച്ചും തുകകൾ സ്ഥാസമയം ബാദ്ധ്യതയിൽ നിന്നും ക്രമീകരിക്കാത്തതിനും വിശദീകരണം ലഭ്യമാക്കേണ്ടതാണ്. കൊടുത്തു തീർക്കുവാനുള്ള ബാദ്ധ്യതകൾ ഒടുക്കി രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

1-9-6 പ്രതിമാസ റിക്കൺസിലിയേഷൻ നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല

2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 57 ൽ ബാങ്ക് ബുക്കുകളിലെ നീക്കിയിരിപ്പുകൾ ഓരോ മാസത്തിന്റെയും അവസാനം ലഭിക്കുന്ന ബാങ്ക്/ട്രഷറി അക്കൗണ്ട്സ് ബാലൻസ് സ്റ്റേറ്റ്മെന്റുകളിലെ നീക്കിയിരിപ്പുമായി പൊരുത്തപ്പെടുത്തേണ്ടതാണെന്നും അടുത്ത മാസം 5-ാം തീയതിക്കകം അക്കൗണ്ടന്റ് ബാങ്ക്/ട്രഷറി പൊരുത്തപ്പെടുത്തൽ പത്രിക തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. ചട്ടം 58-ൽ സാമ്പത്തിക വർഷ കാലയളവ് അവസാനിക്കുമ്പോൾ സ്വീകരിക്കേണ്ട നടപടികളും വിശദീകരിച്ചിട്ടുണ്ട്. എന്നാൽ, മേൽ നിർദേശങ്ങൾ പഞ്ചായത്ത് പാലിച്ചിട്ടില്ല. ഗ്രാമപഞ്ചായത്തിന്റെ 2021 ഏപ്രിൽ മുതലുള്ള പ്രതിമാസ റിക്കൺസിലിയേഷനും 2021-22 സാമ്പത്തിക വർഷാവസാന റിക്കൺസിലിയേഷനും നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. അതിനാൽ, സാംഖ്യയിൽ തയ്യാറാക്കിയിട്ടുള്ള റിക്കൺസിലിയേഷന്റെ ആധികാരികത വ്യക്തമല്ല.

1-10 ഇ - പേയ്മെന്റിനുവേണ്ടി ആരംഭിച്ച കറന്റ് അക്കൗണ്ടുകളിൽ വൻതുക നീക്കിയിരിപ്പ്

ഗ്രാമ പഞ്ചായത്ത് ഓൺലൈൻ പെയ്മെന്റ്, യൂ പി ഐ പേയ്മെന്റ് എന്നിവയിലൂടെയുള്ള പണം പിരിവിനായി രണ്ട് കറണ്ട് അക്കൗണ്ടുകൾ ആരംഭിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | അക്കൗണ്ട് നമ്പർ | ബാങ്ക് ശാഖ | ഉപയോഗം | അവശേഷിക്കുന്ന തുക |
|---|---|---|---|---|
| 1 | 36839895504 | സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, മൂന്നാർ ശാഖ | ഓൺലൈൻ പെയ്മെന്റ് | ₹41,07,206/- (31.12.2022 വരെയുള്ള ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം) |
| 2 | 025804308831195001 | കാത്തലിക് സിറിയൻ ബാങ്ക് മൂന്നാർ ശാഖ | യൂ പി ഐ പേയ്മെന്റ് | ₹8,59,304/- (29.12.2022 വരെയുള്ള ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം) |

പലിശരഹിതവും ബാങ്ക് ചാർജ് ഈടാക്കപ്പെടുന്നതുമായ പ്രസ്തുത അക്കൗണ്ടുകളിൽ ഗണ്യമായ തുക നിലനിർത്തുന്ന നടപടി ക്രമപ്രകാരമുള്ളതല്ല. അവശേഷിക്കുന്ന തുക തനതു ഫണ്ട് അക്കൗണ്ടിലേക്ക് മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-11 സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലെ വൻതുക സ്ഥിരനിക്ഷേപമാക്കി മാറ്റാത്തതുമൂലം പലിശയിനത്തിൽ നഷ്ടം

ഗ്രാമപഞ്ചായത്തിന്റെ തനതു ഫണ്ട് സൂക്ഷിക്കുന്നതിനായി ഉപയോഗിക്കുന്ന അക്കൗണ്ടുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നമ്പർ | അക്കൗണ്ട് നമ്പർ | ബാങ്കിന്റെ പേര്, ഇനം | നീക്കിയിരിപ്പ് (ധനകാര്യപത്രിക പ്രകാരം) |
|---|---|---|---|
| 1 | 025804308831195001 | കാത്തലിക് സിറിയൻ ബാങ്ക് - Google Pay Own Fund | 1,52,737 |
| 2 | 36839895504 | SBI – E –Banking Own Fund | 26,79,923 |
| 3 | 120051201220001 | IDCB –Own Fund | 25,97,245 |
| 4 | 1400012000001792 | SCB –Own Fund | 81,55,997 |
| | ആകെ | | 1,35,85,884 |

ഭീമമായ തുക നീക്കിയിരിപ്പുണ്ടെങ്കിലും അത് സേവിങ്സ് ബാങ്ക് / കറന്റ് അക്കൗണ്ടിലായതിനാൽ നാമ മാത്രമായ നിരക്കിലാണ് പലിശ ലഭിക്കുന്നത്. ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലകൾ നിർവഹിക്കുന്നതിനാവശ്യമായ തുകകൾക്കുപരിയായി ശേഷിക്കുന്ന തുകകൾ വാർഷിക പദ്ധതിയുമായി സംയോജിപ്പിക്കേണ്ടതാണെന്ന പഞ്ചവത്സരപദ്ധതി മാർഗനിർദ്ദേശം പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. കൂടാതെ സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽ വൻതുക ദീർഘനാൾ സൂക്ഷിക്കുന്നതിനു പകരം ഉയർന്ന പലിശ ലഭിക്കുന്ന സ്ഥിരനിക്ഷേപമായി മാറ്റി പലിശയിനത്തിലെ വരുമാന നഷ്ടം പരിഹരിക്കാനും നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

1-12 നിയമ/ ചട്ടത്തിന്റെ പിൻബലമില്ലാതെ വസ്തു നികുതി ഒഴിവാക്കി

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം, 207-ാം വകുപ്പ് അനുസരിച്ച്, വസ്തു നികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്ത ഓരോ കെട്ടിടത്തിനും 203-ാം വകുപ്പ് പ്രകാരവും, ചട്ടങ്ങൾ പ്രകാരവും സെക്രട്ടറി വസ്തു നികുതി ചുമത്തേണ്ടതാണ് (2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ, ചട്ടം 3 കാണുക). തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 27.04.2015-ലെ ജി.ഒ (എംഎസ്) 144/2015 നമ്പർ ഉത്തരവിന്റെ ഖണ്ഡിക 4 പ്രകാരമുള്ള നിർദ്ദേശമനുസരിച്ച് 660 ചതുരശ്ര അടി (60 ചതുരശ്ര മീറ്റർ) വരെയുള്ള വാസഗൃഹങ്ങളെയാണ് 2015-16 മുതൽ വസ്തുനികുതിയുടെ പരിധിയിൽനിന്ന് ഒഴിവാക്കിയിട്ടുള്ളത്. സഞ്ചയ സോഫ്റ്റ്‌വെയറിൽ ക്രോഡീകരിച്ചിട്ടുള്ള, ഗ്രാമപഞ്ചായത്ത് 7-ാം വാർഡിലെ വസ്തു നികുതി വിവരങ്ങൾ മാത്രം പരിശോധിച്ചതിൽത്തന്നെ ഒട്ടേറെ കെട്ടിടങ്ങളെ നിയമ/ചട്ട പിൻബലമില്ലാത്ത കാരണങ്ങൾ മുൻനിർത്തി നികുതി ഒഴിവാക്കി നൽകിയതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | കെട്ടിട നമ്പർ | ഉടമസ്ഥൻ | വിസ്തീർണ്ണം | ഉപയോഗ ക്രമം |
|---|---|---|---|---|
| 1 | 78 | പി.സി. അയ്യപ്പൻ പാറയിൽ | 65 ച മീ | പാർപ്പിടാവശ്യം |
| 2 | 109 | ലക്ഷ്മി പുത്തൻപറമ്പിൽ | 65 ച മീ | പാർപ്പിടാവശ്യം |
| 3 | 202 | രാജപ്പൻ മാൻവെട്ടം കുന്നേൽ | 65 ച മീ | പാർപ്പിടാവശ്യം |
| 4 | 217 | കെ.എം. ഷാജിമോഹൻ കണ്ണംകര | 105 ച മീ | പാർപ്പിടാവശ്യം |
| 5 | 441 | സി.ബി. രാജൻ ചെരുവിൽ കുഞ്ചിത്തണ്ണി | 80 ച മീ | പാർപ്പിടാവശ്യം |
| 6 | 447 | ടി.ആർ. മോഹനൻ പത്മവിലാസം | 100 ച മീ | പാർപ്പിടാവശ്യം |

| | | | | |
|---|---|---|---|---|
| 7 | 464 | പി.പി. ധർമ്മൻ പുത്തൻപുരയ്ക്കൽ | 74.34 ച മീ | പാർപ്പിടാവശ്യം |
| 8 | 614 | കെ.കെ.രാഘവൻ നായർ കോയിപ്പുറത്ത് | 95 ച മീ | പാർപ്പിടാവശ്യം |
| 9 | 641 | ശ്രീധരൻ കണിയാംപറമ്പിൽ | 81 ച മീ | പാർപ്പിടാവശ്യം |

സമാനരീതിയിൽ നികുതി ഒഴിവാക്കപ്പെട്ട, എല്ലാ വാർഡുകളിലെയും കെട്ടിടങ്ങളുടെ വിവരങ്ങൾ പുനഃപരിശോധിക്കേണ്ടതും അനർഹമായതെന്ന് കണ്ടെത്തുന്നവ ഡിമാന്റിൽ ഉൾപ്പെടുത്തി പിരിച്ചെടുക്കാൻ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

1-13 മൊബൈൽ ടവറുകൾക്ക് വസ്തു നികുതിയിൽ ഇളവ് അനുവദിച്ചു

ഏതെങ്കിലും ആവശ്യത്തിനായി ഉപയോഗിക്കുന്ന/സന്ദർശിക്കേണ്ട (താമസം, ജോലി, വിദ്യാലയം, കച്ചവടം, വ്യവസായം, മുതലായവ) മനുഷ്യ സാന്നിധ്യം ഉണ്ടാകാനിടയുള്ള നിർമ്മാണങ്ങളെയാണ് ഏതെങ്കിലും ഒക്യുപൻസിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. മൊബൈൽ ടവർ അടക്കമുള്ള മറ്റു കെട്ടിടങ്ങളെ Appurtenant Buildings/Operational Constructions/Auxiliary Buildings എന്നാണ് കണക്കാക്കേണ്ടത്. ആകയാൽ അവയ്ക്ക് മറ്റു കെട്ടിടങ്ങൾക്ക് അനുവദിക്കുന്ന രീതിയിൽ വസ്തു നികുതിയിൽ ഇളവ് അനുവദിക്കാൻ പാടില്ല. എന്നാൽ ഗ്രാമപഞ്ചായത്തിൽ മൊബൈൽ ടവറുകൾക്ക് മേഖല, മേൽക്കൂര, കാലപ്പഴക്കം എന്നിവയുടെ അടിസ്ഥാനത്തിൽ വസ്തു നികുതിയിൽ ഇളവ് നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വാർഡ്/ കെട്ടിട.നം | ഉടമ | ഇളവിന്റെ മാനദണ്ഡം (ശതമാനത്തിൽ) | | | | ടവറിന്റെയും അനുബന്ധ ഭൂമിയുടെയും വിസ്തീർണം |
|---|---|---|---|---|---|---|---|
| | | | മേഖല | മേൽക്കൂര | കാലപ്പഴക്കം | ആകെ | |
| 1 | 2/454/ | Indus Towers Limited | - | - | 10 | 10 | 36 ച. മീ |
| 2 | 8/207/1 | Vodafone Essar Cellular Limited | 20 | - | 10 | 30 | 98.3 ച. മീ |
| 3 | 14/274/1 | INDUS TAVERS LIMITED | 10 | 10 | 10 | 30 | 60 ച. മീ |

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 14.01.2011-ലെ ജി.ഒ (പി) 14/2011 നമ്പർ ഉത്തരവനുസരിച്ച് മൊബൈൽ ടവറുകൾക്ക് ഗ്രാമപഞ്ചായത്തിൽ ചതുരശ്ര മീറ്ററിന് 500/- രൂപയാണ് അടിസ്ഥാന വസ്തു നികുതിയായി നിശ്ചയിച്ചിരിക്കുന്നത്. ഗ്രാമപഞ്ചായത്തിന്റെ വസ്തുനികുതി പരിഷ്കരണ വിജ്ഞാപനത്തിലും പ്രസ്തുത നിരക്കാണ് അംഗീകരിച്ചിട്ടുള്ളത്. അനർഹമായ ഇളവ് നൽകിയതു മൂലം ഗണ്യമായ തുക വരുമാനത്തിൽ കുറവ് വന്നിട്ടുണ്ട്. നികുതി പുനർനിർണയിച്ച് വരുമാന നഷ്ടം പരിഹരിക്കാൻ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

1-14 വാണിജ്യ കെട്ടിടങ്ങൾക്ക് കുറഞ്ഞ നിരക്കിൽ വസ്തു നികുതി നിർണയിച്ചു

ഗ്രാമപഞ്ചായത്തിന്റെ 7-ാം വാർഡിലെ വസ്തുനികുതി വിവരങ്ങൾ (സഞ്ചയ സോഫ്റ്റ്‌വെയറിൽ ക്രോഡീകരിച്ചത്) പരിശോധിച്ചതിൽ, വാണിജ്യാവശ്യത്തിനുള്ള ഏതാനും കെട്ടിടങ്ങളെ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌൺ എന്ന ഗണത്തിൽപെടുത്തി ₹30/- നിരക്കിലാണ് നികുതി നിർണയിച്ചിട്ടുള്ളതെങ്കിലും അവയുടെ വിസ്തീർണ്ണം യഥാർത്ഥത്തിൽ 100 ചതുരശ്ര മീറ്ററിനു മുകളിലാണെന്ന് കാണുകയുണ്ടായി. വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്ററിനു മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌൺ എന്ന ഗണത്തിൽപ്പെടുന്ന കെട്ടിടങ്ങൾക്ക് ഗ്രാമപഞ്ചായത്ത് വിജ്ഞാപനം ചെയ്തിട്ടുള്ള നിരക്ക് ചതുരശ്ര മീറ്ററിന് 50/- രൂപയാണ്. കുറഞ്ഞ നിരക്കിൽ നികുതി നിർണയിച്ചതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | കെട്ടിട നമ്പർ | ഉടമസ്ഥൻ | വിസ്തീർണ്ണം |
|---|---|---|---|
| 1 | 5 | ഒ.എ. മൈക്കിൾ ഒരപ്പുഴിക്കൽ | 210 ച മീ |
| 2 | 9 | കെ.സി. മാത്യു, കുന്നംപുറത്ത് മൊബൈൽ | 144 ച മീ |
| 3 | 49 | റിൻസ് ബേബി പുത്തൻപുരയിൽ | 110.07 ച മീ |

വസ്തു നികുതി നിർണയത്തിലെ അപാകത മൂലം വരുമാനത്തിൽ ഗണ്യമായ കുറവ് വന്നിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിലെ എല്ലാ വാർഡുകളിലെയും വാണിജ്യകെട്ടിടങ്ങളുടെ നികുതി നിർണയം പരിശോധിച്ച് മേൽ സൂചിപ്പിച്ച പ്രകാരമുള്ള അപാകം ആവർത്തിച്ചിട്ടുള്ളപക്ഷം പുനർ നിർണയിച്ച് ഡിമാൻഡ് ചെയ്ത് പിരിച്ചെടുക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും വിശദമായ റിപ്പോർട്ട് സഹിതം വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

1-15 യന്ത്ര സാമഗ്രികൾ സ്ഥാപിക്കുന്നതിനുള്ള ഫീസ് ഈടാക്കിയിട്ടില്ല

1996-ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 18 അനുസരിച്ച് വൈദ്യുതി കൊണ്ട് പ്രവർത്തിപ്പിക്കുന്ന യന്ത്ര സാമഗ്രിയോ നിർമ്മാണ യന്ത്രമോ ഉപയോഗിക്കുന്ന സ്ഥലത്തിന് കേരള പഞ്ചായത്ത് രാജ് ആക്ട് 232-ാം വകുപ്പ് പ്രകാരം ഒരു കൊല്ലത്തേക്ക് ലൈസൻസ് നൽകുകയോ പുതുക്കി നൽകുകയോ ചെയ്യുന്നതിന് പട്ടിക III ൽ പറഞ്ഞ തുകയിൽ അധികരിക്കാതെ ഫീസ് ചുമത്താവുന്നതാണ്. എന്നാൽ 2021-22 വർഷം ടാറ്റ കൺസ്യൂമർ പ്രോഡക്ട്സ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന് ലൈസൻസ് അനുവദിക്കുന്നതിലേക്കായി ലൈസൻസ് ഫീസും, സ്ഥാപന തൊഴിൽ നികുതിയും ഈടാക്കിയെങ്കിലും യന്ത്ര സാമഗ്രഹികൾ ഉപയോഗിക്കുന്നതിലേക്കുള്ള ഫീസ് ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനം | ലൈസൻസ് നമ്പർ | യന്ത്രത്തിന്റെ ശേഷി | ഈടാക്കേണ്ട തുക |
|---|---|---|---|---|
| 1 | ടാറ്റ കൺസ്യൂമർ പ്രോഡക്ട്സ് ലിമിറ്റഡ് | B2/36/2021-22<br>25.06.2021 | 1078.758 HP<br>(804.43 KW) | ₹10788/- |

ചട്ടപ്രകാരമുള്ള മോട്ടോർ ഫീസ് ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

1-16 കൃഷി ഓഫീസർ നടപ്പാക്കിയ പ്രൊജക്ടുകളുടെ ബില്ലിൽനിന്ന് ജി.എസ്.ടി ടി.ഡി.എസ് നടത്തിയില്ല

കരാറുകാരിൽനിന്നും വിതരണക്കാരിൽ നിന്നും സേവനങ്ങളും സാധനങ്ങളും കൈപ്പറ്റുന്ന സാഹചര്യങ്ങളിൽ നികുതി ഒഴികെയുള്ള കരാർ തുക ₹ 250000/- യിൽ അധികരിക്കുമ്പോൾ 2% ജി എസ് ടി - സ്രോതസിൽനിന്ന് കുറവു ചെയ്യേണ്ടതാണ് (TDS). തൻവർഷം കൃഷി ഓഫീസർ നടപ്പാക്കിയ വിവിധ പ്രോജക്ടുകൾക്കുള്ള പ്രതിഫലം നൽകിയ വേളയിൽ ജി എസ് ടി - ടി ഡി എസ് ഈടാക്കിയില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രൊജക്ടിന്റെ പേര് &നമ്പർ | ബിൽ നമ്പർ, തിയ്യതി & ബിൽ തുക | കരാർ സ്ഥാപനത്തിന്റെ പേര് | ഇൻവോയിസ് നമ്പർ & തിയ്യതി | നികുതി ഒഴികെയുള്ള തുക | TDS ആയി ഈടാക്കേണ്ട തുക (2%) |
|---|---|---|---|---|---|---|
| 1 | സമഗ്ര പുരയിട കൃഷി (പൊതു വിഭാഗം) | 21101052008<br>900843942 Dt 27-12-2021 | കല്ലാർ സർവ്വീസ് കോ ഓപ്പറേറ്റീവ് ബാങ്ക് ലിമി. | 296/21-12-21 (Bill Amount 2396436) | 2224629.15 | 44493 |

| | | | | | | |
|---|---|---|---|---|---|---|
| | നം. 66 | (Rs. 1797330) | | | | |
| 2 | സമഗ്ര പുരയിട കൃഷി (വനിത ) നം. 262 | 21101052008 901403897 Dt 22-03-2022 (Rs.278356.) | കല്ലാർ സർവ്വീസ് കോ ഓപ്പറേറ്റീവ് ബാങ്ക് ലിമി. | 1848/21-03-22 (Bill Amount 371175) - | 348088.63 | 6962 |

പ്രസ്തുത അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.4/തീ. 19.01.2023) മറുപടി ലഭ്യമാക്കിയില്ല. ആകയാൽ ചെലവു തുക (₹2572718/-) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. കരാർ തുകയ്ക്ക് ബാധകമായ നികുതി GST വകുപ്പിൽ ഒടുക്കിയതിന്റെ രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്. GST നിയമപ്രകാരമുള്ള TDS നടത്തി ബില്ലുകൾ പാസ്സാക്കുന്നതിന് ഭാവിയിൽ പ്രത്യേകം ശ്രദ്ധിക്കേണ്ടതുമാണ്.

1-17 ഹാൻഡ് റെയിൽ നിർമാണ പ്രവൃത്തിയിൽ ചെയ്യാത്ത ഇനങ്ങൾക്ക് തുക അനുവദിച്ചു

തങ്കരാജ് സന്തോഷ്ഭാഗം റോഡിന്റെ നവീകരണവുമായി ബന്ധപ്പെട്ട പ്രോജക്ടിൽ റോഡിന്റെ വശങ്ങളിൽ ഹാൻഡ്റെയിൽ നിർമിക്കുന്ന ഇനവും ഉൾപ്പെട്ടിരുന്നു. എന്നാൽ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരുന്ന സ്പെസിഫിക്കേഷനിൽ പരാമർശിക്കുന്ന പല പ്രവൃത്തികളും യഥാർത്ഥത്തിൽ ചെയ്യാതെയാണ് അളവുകൾ രേഖപ്പെടുത്തി കരാറുകാരന് തുക നൽകിയതെന്ന് കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്റ്റ്/നം | തങ്കരാജ് സന്തോഷ്ഭാഗം റോഡ് ഹാൻഡ്റെയിൽ<br>252/21-22 |
| അളവ് ബുക്ക് നം. | 999/21-22 |
| കരാറുകാരൻ | അടിമാലി ലേബർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി |
| കരാർ നം | 64/AE/LSGD/PVSL/21-22 5.1.2022 |
| അടങ്കൽ തുക ₹ | 150000/- (തനത് ഫണ്ട്) |
| ചെലവ് വിവരം | ₹141305/- തീ. 2.2.2022 |

തൻവർഷം നടപ്പിലാക്കിയ ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ 584 കി.ഗ്രാം സ്റ്റീൽ ഉപയോഗിച്ച് ഹാൻഡ് റെയിൽ, 6.18 എം$^3$, 1:2:4 കോൺക്രീറ്റിഗ്, ഇനാമൽ പെയിന്റിംഗ് എന്നീ ഇനങ്ങളാണ് ഉണ്ടായിരുന്നത്.

1.അളവ് പുസ്തകം പേജ് നം.7-ലെ രേഖപ്പെടുത്തലുകൾ പ്രകാരം, 10.26.3 സ്പെസിഫിക്കേഷൻ അനുസരിച്ചുള്ള Providing And Fixing Hand Rail Of Approved Size By Welding Etc. To Steel Ladder Railing, Balcony Railing, Staircase Railing And Similar Works, Including Applying Priming Coat Of Approved Steel Primer എന്ന ഇനമാണ് ചെയ്തിരിക്കുന്നത്. ഇതിൽ പ്രൈമിംഗ് കോട്ട് പെയിന്റിംഗും ഉൾപ്പെടുന്നതാണ്. എന്നാൽ 17.1.2022-ൽ അസി.എഞ്ചിനീയറുടെ സാന്നിദ്ധ്യത്തിൽ നടത്തിയ നേരിട്ടുള്ള പരിശോധനയിൽ, സ്പെസിഫിക്കേഷനിൽ പറഞ്ഞിരിക്കുന്ന പ്രൈമിംഗ് കോട്ട് പെയിന്റിംഗ് ചെയ്തിട്ടില്ലായെന്ന് കാണുകയുണ്ടായി.

പ്രൈമിംഗ് കോട്ടിന് അധികം നൽകിയ തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

പ്രൈമിംഗ് കോട്ട് ഒഴികെയുള്ള സ്റ്റീൽ പ്രവൃത്തിക്ക് നൽകാവുന്ന നിരക്ക്

| ഇനം | തുക ₹ |
|---|---|
| അടിസ്ഥാന നിരക്ക് | 2266.75 |
| വാട്ടർ ചാർജ്ജ് 1% | 22.66 |
| ആകെ | 2289.41 |
| (-) ഫിനിഷിംഗ് ചാർജ്ജ് | 36.08 |
| ആകെ | 2253.33 |
| 15% CPOH | 337.99 |
| ആകെ 20.09 കിലോ ഗ്രാം സ്റ്റീലിന് നൽകാവുന്നത് | 2591.32 |
| 1 കി.ഗ്രാം സ്റ്റീലിന് നൽകാവുന്നത് | 128.98 |
| 2018 DSR പ്രകാരം കോസ്റ്റ് ഇൻഡക്സ് 39.83 % | 51.37 |
| ആകെ 1 കി.ഗ്രാം സ്റ്റീലിന് നൽകാവുന്ന നിരക്ക് | 180.35 |
| നൽകിയ നിരക്ക് ₹ | 191.85 |
| അധികം നൽകിയ തുക ₹11.50/- നിരക്കിൽ (191.85-180.35) (389.73 കി. ഗ്രാമിന്) | 4482<br>(11.5X389.73) |

2. അളവ് ബുക്ക് പേജ് നം.8 ൽ ചെയ്തതായി രേഖപ്പെടുത്തിയ 13.61.1 എന്ന സ്പെസിഫിക്കേഷൻ പ്രകാരമുള്ള 33.05 എം2 Painting With Synthetic Enamel Paint Of Approved Brand And Manufacture To Give An Even Shade: എന്ന ഇനം ചെയ്തിട്ടില്ല. (സ്ഥല പരിശോധന റിപ്പോർട്ട് കാണുക)

ഈ ഇനത്തിന് നൽകിയ നിരക്ക്

33.05 എം2 X ₹147.52 =₹4875.53

ആകെ അധികം നൽകിയ തുക

4875.53 + 4482 (ക്രമ നം.1 പ്രകാരമുള്ള തുക) =₹9358

10% GST =936 (2% ജി.എസ്.ടി. റ്റി.ഡി.എസ്. വസൂലാക്കുന്നതിനാൽ)

ഒട്ടാകെ = ₹10294/-

അധികം നൽകിയ തുക ₹10294/- ഉത്തരവാദികളായ അസി.എഞ്ചിനീയർ, മേൽ പരിശോധന നടത്തിയ അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്നും തുല്യമായി ഈടാക്കി നിശ്ചിത ശീർഷകങ്ങളിൽ സർക്കാരിലേക്ക് ഒടുക്കേണ്ടതാണ്.

1-18 റോഡ് കോൺക്രീറ്റ് / ഐെറിഷ് ഓട നിർമാണപ്രവൃത്തികൾക്ക് അധികം തുക നൽകി

ഗ്രാമപഞ്ചായത്ത് തൻവർഷം നടപ്പാക്കിയ താഴെപ്പറയുന്ന റോഡ് കോൺക്രീറ്റ്/ഐെറിഷ് ഓട നിർമാണ പ്രവൃത്തികളിൽ 1:2:4 അനുപാതത്തിലുള്ള Cement Concreting/Irish Drain ചെയ്യുന്നതിന് 2016-ലെ MORD സ്പെസിഫിക്കേഷൻ കോഡ് 75.8.1 പ്രകാരമുള്ള നിരക്കാണ് അനുവദിച്ചിട്ടുള്ളത്. ഇത് സൈഡ് ഷട്ടറിംഗ് ഉൾപ്പെടെ ചെയ്യുന്നതിനുള്ള നിരക്കാണ്. ഈ പ്രവൃത്തികളുടെ സൈറ്റ് 19.01.2023-ൽ അസി.എഞ്ചിനീയർ, ഓവർസീയർ എന്നിവരുടെ സാന്നിദ്ധ്യത്തിൽ നേരിൽ പരിശോധിച്ചതിൽ സൈഡ് ഷട്ടറിംഗ് നടത്തിയിട്ടില്ലെന്ന്/ഭാഗികമായി മാത്രമാണ് നടത്തിയിട്ടുള്ളതെന്ന് ബോധ്യപ്പെടുകയും അസി.എഞ്ചിനീയർ അത് അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. സൈഡ് ഷട്ടറിംഗിന്റെ നിരക്ക് കുറവു ചെയ്ത തുക അനുവദിക്കുന്നതിനു പകരം MORD SOR 75.8.1 പ്രകാരമുള്ള നിരക്ക് നൽകിയത് വഴി അധികച്ചെലവ് ഉണ്ടായിട്ടുണ്ട്.

നൽകാവുന്ന നിരക്ക്

| | |
|---|---|
| അടിസ്ഥാന നിരക്ക് | 4597.78 |
| 10% OH | 459.77 |
| ആകെ | 5057.55 |
| 10% CP | 505.75 |
| ആകെ | 5563.30 |
| കോസ്റ്റ് ഇൻഡക്സ് 49.69% | 2764.40 |
| ആകെ നൽകാവുന്ന നിരക്ക് ₹ | 8327.70 |

| ക്രമ. നം. | പ്രവൃത്തി | എം.ബുക്ക് പ്രകാരമുള്ള അളവ് (എം3) | നൽകാവുന്ന നിരക്ക്( ₹) | നൽകിയ തുക ₹ | അധികം നൽകിയ തുക ₹ (GST TDS 2% വസൂലാക്കുന്നതിനാൽ 10% നഷ്ടമായി പരിഗണിക്കുന്നു) |
|---|---|---|---|---|---|
| 1 | തട്ടാത്തിമുക്ക് - ശങ്കപ്പടി റോഡ്<br>198/21-22<br>കോൺട്രാക്ടർ - സനിൽകുമാർ വി.റ്റി.<br>എം.ബുക്ക് നം. - 834/21-22<br>ചെക്ക് നം. 55534/4.1.22/₹196102/-<br>കരാർ നം. 51/AE/LSGD/PVSL /30.11.21<br>അടങ്കൽ ₹250000/- CFC-Grant<br>കോസ്റ്റ് ഇൻഡക്സ്<br>49.69% | 19.61<br>പേജ്-നം-6 | 8327.70 | 8660.81 | 333.11 X19.61 = 6532.28<br>GST-10%<br>654<br>7186.28/- |
| 2 | മീൻകെട്ട് ഫുട്ട്പാത്ത്<br>വാർഡ്-9<br>18/21-22<br>കോൺട്രാക്ടർ - പ്രമോദ് പി. എസ്.<br>എം.ബുക്ക് നം. - 808/21-22<br>ചെക്ക് നം. 55537/5.1.22/ ₹186529/-<br>കരാർ നം. 51/AE/LSGD/PVSL/30.11.21<br>അടങ്കൽ ₹200000/- തനത് ഫണ്ട്<br>കോസ്റ്റ് ഇൻഡക്സ്<br>49.69% | 18.14<br>പേജ്-നം-10 | 8327.70 | 8660.81 | 333.11 X 18.14 = 6042.61<br>GST-10% 605<br>6647.61/- |
| 3 | മാവേലിക്കുന്ന് റോഡ്- വാർഡ്-21<br>10/21-22<br>കോൺട്രാക്ടർ- ജേക്സൻ ജേക്കബ് പോൾ<br>എം. ബുക്ക് നം. - 808/21-22<br>ചെക്ക് നം. 55537/1.1.2022 ₹240428/-<br>കരാർ നം.22/AE/LSGD/PVSL /24.8.2021<br>അടങ്കൽ ₹250000/- തനത് ഫണ്ട്<br>കോസ്റ്റ് ഇൻഡക്സ് 49.69% | 24.98<br>പേജ്-നം-6 | 8327.70 | 8660.81 | 333.11 X 24.98= 8321.08<br>GST-10% 833<br>9154.08/- |
| 4 | അംബഴച്ചാൽ- കളപ്പുരയ്ക്കൽപ്പടി റോഡ്- വാർഡ്-13<br>32/21-22<br>കോൺട്രാക്ടർ - സിബിച്ചൻ വി.എസ്. | 24.50<br>പേജ്-നം-6 | 8327.70 | 8660.81 | 333.11 X 24.50 = 8161.19<br>GST-10% -817<br>8978.19/- |

| | | | | | |
|---|---|---|---|---|---|
| | എം. ബുക്ക് നം. – 747/21-22<br>ചെക്ക് നം. 55537/1.1.2022 ₹238155<br>കരാർ നം. 27/AE/LSGD/ PVSL/2.9.2021<br>അടങ്കൽ ₹ 250000/- തനത് ഫണ്ട്<br>കോസ്റ്റ് ഇൻഡക്സ് 49.69% | | | | |
| 5 | പരമശിവൻ ലൈൻസ് റോഡ്-<br>49/21-22<br>കോൺട്രാക്ടർ-<br>ജോസ് വർഗ്ഗീസ് മാത്യു<br>എം.ബുക്ക് നം.-846/21-22<br>ചെക്ക് നം. 55537/29.12.2021 ₹397510<br>കരാർ നം. 44/AE/LSGD /PVSL/28.10.2021<br>അടങ്കൽ ₹400000/- വികസന ഫണ്ട് (എസ്.സി.പി)<br>കോസ്റ്റ് ഇൻഡക്സ് – 49.69% | 39.60<br>പേജ്-നം-4 | 8327.70 | 8660.81 | 333.11 X 39.60 = 13191.15<br>GST-10% 1320<br>14511.15/- |
| ആകെ അധികം നൽകിയ തുക | | | | | 46477 |

അധികം നൽകിയ തുക ₹46477/- ഉത്തരവാദികളായ അസി.എഞ്ചിനീയർ, ചെക്ക് മെഷർ നടത്തിയ അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

### 1-19 എസ്റ്റിമേറ്റിൽ കൃത്യമായ ഇനം ഉൾപ്പെടുത്താത്തതു മൂലം നഷ്ടം സംഭവിച്ചു

സ്കൂൾകവല-മതളിപ്പടി റോഡിൽ 19 മീറ്റർ നീളത്തിൽ സംരക്ഷണഭിത്തി നിർമിക്കുന്നതിന് ആവിഷ്കരിച്ച പദ്ധതിയാണിത്. ഇതിനായി 2016 ലെ ഡി.എസ്.ആർ. പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കി (കോസ്റ്റ് ഇൻഡക്സ് 49.69%) പ്രോജക്ട് നടപ്പാക്കി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട്/നം | സ്കൂൾകവല-മതളിപ്പടി റോഡ്<br>15/21-22 |
| അളവ് ബുക്ക് നം. | 835/21-22 |
| കരാറുകാരൻ | ശ്രീ. സൈനുദീൻ. എം.എ. |
| കരാർ നം | 20/AE/LSGD/PVSL/21-22 12.8.21 |
| അടങ്കൽ തുക ₹ | ₹400000/- (വികസന ഫണ്ട്-റോഡ്) |
| ചെലവ് വിവരം<br>ബിൽ റഫറൻസ് നം. /തുക | 21101052012100840957/തീ.24.12.21<br>₹399159/- |

എസ്റ്റിമേറ്റിലെ 4-ാമത്തെ ഇനത്തിൽ ഫൗണ്ടേഷന്റെ അളവിനൊപ്പം സൂപ്പർ സ്ട്രക്ച്ചറിന്റെ അളവും ഒന്നിച്ച് കണക്കാക്കി 13.1.1- എന്ന സ്പെസിഫിക്കേഷനുള്ള നിരക്കാണ് നൽകിയത്. (Providing And Laying Reinforced Cement Concrete In Superstructure As Per Drawing And Technical Specifications Clauses 800, 1205.4 And 1205.5l. R.C.C Grade M 20) . ഫൗണ്ടേഷൻ നിർമാണത്തിന് 11.4.1.1 സ്പെസിഫിക്കേഷൻ പ്രകാരം (Providing Concrete For Plain/reinforced Concrete In Open Foundations Complete As Per Drawings And Technical Specifications Clause 802, 803, 1202 & 1203l. P.C.C Grade M 10) ₹4398.03/- എന്ന നിരക്ക് നൽകിയാൽ മതിയാകുമെന്നിരിക്കെ അതിനുപകരം ₹5705.88/- എന്ന സൂപ്പർ സ്ട്രക്ച്ചറിന്റെ അടിസ്ഥാന നിരക്ക് നൽകിയതുമൂലം കരാറുകാരന് അധികത്തുക അനുവദിച്ചിട്ടുണ്ട്.

തുക അധികം നൽകിയതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.
11.4.1.1 പ്രകാരം ഫൗണ്ടേഷന് നൽകേണ്ടിയിരുന്ന നിരക്ക് – ₹7965.95/-

അളവു പുസ്തകപ്രകാരം ചെയ്ത അളവ് - 9.41 എം$^3$
നൽകിയ തുക – 9.41 X 7965.95 = ₹74959.58/-

അളവ് ബുക്ക് പ്രകാരം ഫൗണ്ടേഷനും സൂപ്പർ സ്ട്രക്ച്ചറിനും അനുവദിച്ച നിരക്ക് (പേജ്-7)- ₹10334.79/-

നൽകിയ തുക – 9.41 എം3 X10334 .79=97250.37/-

അധികം നൽകിയ തുക - ₹22290.79/- (97250.37 – 74959.58 )

10% GST =2229
(2% GST TDS ആയി വസൂലാക്കുന്നതിനാൽ)

ആകെ അധികം നൽകിയത് ₹24520/-

അധികം നൽകിയ തുക ₹24520/- ഉത്തരവാദികളായ അസി.എഞ്ചിനീയർ, മേൽ പരിശോധന നടത്തിയ അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്നും തുല്യമായി ഈടാക്കി നിശ്ചിത ശീർഷകങ്ങളിൽ സർക്കാരിലേക്ക് ഒടുക്കേണ്ടതാണ്.

### 1-20 ലൈഫ് ഭവന പദ്ധതി-സർക്കാർ പരിധി അധികരിച്ച് ഗുണഭോക്താവിന് തുക നൽകി

പട്ടികജാതി വിഭാഗത്തിലെ ഗുണഭോക്താക്കൾക്ക് ലൈഫ് ഭവനപദ്ധതി പ്രകാരം ഭവനനിർമ്മാണത്തിന് സർക്കാർ അനുവദിച്ചിട്ടുള്ള പരമാവധി ധനസഹായം ₹4,00,000/- യാണ്. എന്നാൽ പ്രസ്തുത പദ്ധതിയ്ക്കായി കരാറിൽ ഏർപ്പെട്ട ചുവടെ ചേർക്കുന്ന ഗുണഭോക്താവിന് പ്രസ്തുത തുകയിൽ അധികരിച്ച് ആനുകൂല്യം നൽകിയിട്ടുണ്ട്.

| പേര് | ബാങ്ക് അക്കൌണ്ട് | ബിൽ നം./ | അനുവദിച്ച | ഫണ്ട് | ആകെ അനുവദിച്ച | അധികം അനുവദിച്ച |
|---|---|---|---|---|---|---|

| | നം. | തിയതി | ഗഡു | | ധനസഹായം | ധനസഹായം |
|---|---|---|---|---|---|---|
| ചന്ദനം കറുപ്പസ്വാമി | 10439447504 (എസ്.ബി.ഐ., മൂന്നാർ) | 19101052013 500373615/ 27.03.2019 | 40000 | വികസന ഫണ്ട്- പട്ടികജാതി വിഭാഗം | 450000 | 50000 |
| | | 19101052013 500576117/ 17.09.2019 | 160000 | വികസന ഫണ്ട്- പട്ടികജാതി വിഭാഗം | | |
| | | 19101052013 500933943/ 11.12.2019 | 100000 | വികസന ഫണ്ട്- പട്ടികജാതി വിഭാഗം | | |
| | | No. 50577090 119065/Req. 13.03.2020 | 50000 | ലോൺ/ സംസ്ഥാന വിഹിതം | | |
| | | No. 50577090 119077/ Req. 30.03.2020 | 50000 | ലോൺ/ സംസ്ഥാന വിഹിതം | | |
| | | No. 50577090 1200052/Req. 07.01.2021 | 50000 | ലോൺ/ സംസ്ഥാന വിഹിതം | | |

ഗുണഭോക്താവിന് അധികതുക നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.6/തീ.19.01.2023) മറുപടി ലഭ്യമാക്കിയില്ല. പ്രസ്തുത തുക ഗുണഭോക്താവിൽ നിന്ന് തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. അല്ലാത്തപക്ഷം അവസാന ഗഡു നൽകിയ വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസറിൽ നിന്ന് ₹50000/- ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

1-21 കാലഹരണപ്പെട്ട നിക്ഷേപങ്ങൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയിട്ടില്ല

കേരള ഫിനാൻഷ്യൽ കോഡ് വാല്യം I, അനുച്ഛേദം 282 അനുസരിച്ച്, 3 വർഷത്തിലധികമായി ആക്ടീവല്ലാത്ത അവകാശമുന്നയിക്കപ്പെടാതെ ശേഷിക്കുന്ന സിവിൽ നിക്ഷേപങ്ങൾ കാലഹരണപ്പെടുന്നതാണ്. പ്രസ്തുത കാലപരിധി കഴിഞ്ഞ പല നിക്ഷേപങ്ങളും ഗ്രാമപഞ്ചായത്ത് ഋണബാധ്യതാക്കണക്കുകളിൽ നിലനിർത്തിയിട്ടുള്ളതായി കാണുന്നു. കരാറുകാർ, വിതരണക്കാർ എന്നിവരിൽനിന്ന് സ്വീകരിച്ച നിരതദ്രവ്യം, ഇവരുടെ സെക്യൂരിറ്റി നിക്ഷേപം, ലേല നിക്ഷേപം, ഹാൾ-ഓഡിറ്റോറിയം വാടക നിക്ഷേപം തുടങ്ങിയ ഇനങ്ങളിലായി 2015-16 മുതലുള്ള തുകകളാണ് ഇത്തരത്തിൽ ധനകാര്യപത്രികയിൽ ഉൾപ്പെട്ടിരിക്കുന്നത്.

2019 ഏപ്രിൽ 01-ന് മുൻപ് നിക്ഷേപിക്കപ്പെട്ടതും സിവിൽ നിക്ഷേപക്കണക്കുകളിൽ നിലനിർത്തിയിട്ടുള്ളതുമായ തുകകൾ ഇതിനോടകം കാലഹരണപ്പെട്ടിട്ടുള്ളതിനാൽ അവ പഞ്ചായത്തു ഫണ്ടിലേക്ക് മുതൽക്കൂട്ടി ഋണബാധ്യത കണക്കുകൾ യഥാവിധി ക്രമീകരിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. തദനുസരണം രജിസ്റ്ററിലും ആവശ്യമായ മാറ്റങ്ങൾ വരുത്തേണ്ടതാണ്.

1-22 ഇലക്ഷൻ നിക്ഷേപം കണ്ടുകെട്ടാൻ നടപടികളായില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 144(4) വകുപ്പ് അനുസരിച്ച്, തദ്ദേശസ്വയംഭരണസ്ഥാപനത്തിലേക്ക് നടക്കുന്ന തിരഞ്ഞെടുപ്പിൽ ആകെ പോൾ ചെയ്യപ്പെട്ട സാധുവായ വോട്ടുകളുടെ ആറിൽ ഒന്ന് (1/6) എണ്ണം വോട്ടുകൾ കരസ്ഥമാക്കാത്ത സ്ഥാനാർത്ഥികളുടെ ഇലക്ഷൻ നിക്ഷേപത്തുക പഞ്ചായത്തു ഫണ്ടിലേക്ക് കണ്ടുകെട്ടേണ്ടതാണ്. ധനകാര്യപത്രിക പ്രകാരം പ്രസ്തുതയിനത്തിൽ ₹46500/- നീക്കിയിരിപ്പുണ്ട്. എന്നാൽ 2020 ഡിസംബർ മാസം നടന്ന തിരഞ്ഞെടുപ്പിൽ വിജയവും പ്രസ്തുത എണ്ണം വോട്ടും ലഭിക്കാത്ത സ്ഥാനാർത്ഥികളുടെ ഇലക്ഷൻ നിക്ഷേപം കണ്ടുകെട്ടാൻ നടപടികളായിട്ടില്ല. വരണാധികാരിയിൽ നിന്ന് ലഭിച്ച തിരഞ്ഞെടുപ്പ് ഫലം അടിസ്ഥാനപ്പെടുത്തി പ്രസ്തുത നിക്ഷേപം പഞ്ചായത്തു ഫണ്ടിൽ മുതൽക്കൂട്ടാൻ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

1-23 മരുന്നു വാങ്ങൽ പ്രോജക്ട്-വിതരണ ഏജൻസി ഔഷധങ്ങൾ ലഭ്യമാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്ത് തൻവർഷത്തെ വാർഷികപദ്ധതിയിലുൾപ്പെടുത്തി മരുന്നുകൾ വാങ്ങുന്നതിനു കേരള മെഡിക്കൽ സർവീസ് കോർപ്പറേഷന് തുക കൈമാറിയെങ്കിലും നാളിതുവരെ പ്രസ്തുത ഔഷധങ്ങൾ സ്ഥാപനം വിതരണം ചെയ്തിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം | നിർവഹണ ഏജൻസി | കൈമാറിയ തുക | കൈമാറ്റ വിശദാംശങ്ങൾ | വിതരണം ചെയ്ത മരുന്നുകളുടെ മൂല്യം | ക്രമീകരിക്കാൻ ശേഷിക്കുന്ന തുക |
|---|---|---|---|---|---|
| എസ് 090/22 കല്ലാർ PHC-യ്ക്ക് മരുന്നു വാങ്ങൽ | കേരള മെഡിക്കൽ സർവീസ് കോർപ്പറേഷൻ തിരുവനന്തപുരം | 499999 | 21101052009201237563/ തീ.03.03.2022, 21101052009200861818/ തീ.30.12.2021 എന്നീ ബില്ലുകൾ പ്രകാരം NEFT മുഖേന സ്ഥാപനത്തിന് തിരുവനന്തപുരം മെഡിക്കൽ കോളേജ് ശാഖയിലുള്ള 3624001800000019 നമ്പർ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തു. | 478622 | 21377 |

ഇൻവോയിസിൽ ആവശ്യപ്പെട്ടിരുന്ന ഔഷധങ്ങൾ അടിയന്തിരമായി ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ഹാൻഡ് റെയിൽ നിർമാണ പ്രവൃത്തിയിൽ ചെയ്യാത്ത ഇനങ്ങൾക്ക് തുക അനുവദിച്ചു

തങ്കരാജ് സന്തോഷ്ഭാഗം ഹാൻഡ്റെയിൽ എന്ന പ്രവൃത്തിയിൽ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരുന്ന സ്പെസിഫിക്കേഷനിൽ പരാമർശിക്കുന്ന പല പ്രവൃത്തികളും യഥാർത്ഥത്തിൽ ചെയ്യാതെയാണ് അളവുകൾ രേഖപ്പെടുത്തി കരാറുകാരന് തുക നൽകിയത്.

ഈ പ്രവൃത്തിയിൽ 584 കി.ഗ്രാം സ്റ്റീൽ ഉപയോഗിച്ച് ഹാൻഡ് റെയിൽ, 6.18 എം$^3$, 1:2:4 കോൺക്രീറ്റിഗ്, ഇനാമൽ പെയിന്റിംഗ് എന്നീ ഇനങ്ങളാണ് എസ്റ്റിമേറ്റിൽ ഉണ്ടായിരുന്നത്.

1. അളവ് പുസ്തകം പേജ് നം.7-ലെ രേഖപ്പെടുത്തലുകൾ പ്രകാരം, 10.26.3 സ്പെസിഫിക്കേഷൻ അനുസരിച്ചുള്ള Providing And Fixing Hand Rail Of Approved Size By Welding Etc. To Steel Ladder Railing, Balcony Railing, Staircase Railing And Similar Works, Including Applying Priming Coat Of Approved Steel Primer എന്ന ഇനമാണ് ചെയ്തിരിക്കുന്നത്. ഇതിൽ പ്രൈമിംഗ് കോട്ട് പെയിന്റിംഗും ഉൾപ്പെടുന്നതാണ്. എന്നാൽ 17.1.2022-ൽ അസി.എഞ്ചിനീയറുടെ സാന്നിദ്ധ്യത്തിൽ നടത്തിയ നേരിട്ടുള്ള പരിശോധനയിൽ, സ്പെസിഫിക്കേഷനിൽ പറഞ്ഞിരിക്കുന്ന പ്രൈമിംഗ് കോട്ട് പെയിന്റിംഗ് ചെയ്തിട്ടില്ലായെന്ന് കാണുകയുണ്ടായി.

2. അളവ് ബുക്ക് പേജ് നം.8 ൽ ചെയ്തതായി രേഖപ്പെടുത്തിയ 13.61.1 എന്ന സ്പെസിഫിക്കേഷൻ പ്രകാരമുള്ള 33.05 എം2 Painting With Synthetic Enamel Paint Of Approved Brand And Manufacture To Give An Even Shade: എന്ന ഇനം ചെയ്തിട്ടില്ല.

ഈ രണ്ട് ഇനങ്ങളിലായി ₹10294/- അധികം നൽകിയിട്ടുണ്ട്. അധികം നൽകിയ തുക ഉത്തരവാദികളായ അസി.എഞ്ചിനീയർ, മേൽ പരിശോധന നടത്തിയ അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്. വിശദാംശങ്ങൾ ഖണ്ഡിക 1-17 ൽ ചേർത്തിട്ടുണ്ട്. ആയത് ഈ ഖണ്ഡികയുടെ ഭാഗമായിരിക്കും. ഈ റിപ്പോർട്ടിന്റെ ഖണ്ഡിക 4-10(ബി) യിൽ പരാമർശിച്ചിട്ടുള്ള ഉദ്യോഗസ്ഥർ പ്രസ്തുത നഷ്ടത്തിന് ബാധ്യതപ്പെട്ടിരിക്കുന്നു.

### 3-2 റോഡ് കോൺക്രീറ്റ് / ഐറിഷ് ഓട നിർമാണപ്രവൃത്തികൾക്ക് അധികം തുക നൽകി

ഗ്രാമപഞ്ചായത്ത് തൻവർഷം നടപ്പാക്കിയ റോഡ് കോൺക്രീറ്റ്/ഐറിഷ് ഓട നിർമാണ പ്രവൃത്തികളിൽ 1:2:4 അനുപാതത്തിലുള്ള Cement Concreting/Irish Drain ചെയ്തതിന് 2016-ലെ MORD സ്പെസിഫിക്കേഷൻ കോഡ് 75.8.1 പ്രകാരമുള്ള നിരക്കാണ് അനുവദിച്ചിട്ടുള്ളത്. ഇത് സൈഡ് ഷട്ടറിംഗ് ഉൾപ്പെടെ ചെയ്യുന്നതിനുള്ള നിരക്കാണ്. ഈ പ്രവൃത്തികളുടെ സൈറ്റ് 19.01.2023-ൽ അസി.എഞ്ചിനീയർ, ഓവർസീയർ എന്നിവരുടെ സാന്നിദ്ധ്യത്തിൽ നേരിൽ പരിശോധിച്ചതിൽ സൈഡ് ഷട്ടറിംഗ് നടത്തിയിട്ടില്ലെന്ന്/ഭാഗികമായി മാത്രമാണ് നടത്തിയിട്ടുള്ളതെന്ന് ബോധ്യപ്പെടുകയും അസി.എഞ്ചിനീയർ അത് അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. സൈഡ് ഷട്ടറിംഗിന്റെ നിരക്ക് കുറവ് ചെയ്ത തുക അനുവദിക്കുന്നതിനു പകരം MORD SOR 75.8.1 പ്രകാരമുള്ള നിരക്ക് നൽകിയത് വഴി ₹46477/- അധികച്ചെലവ് ഉണ്ടായിട്ടുണ്ട്. അധികം നൽകിയ തുക ഉത്തരവാദികളായ അസി.എഞ്ചിനീയർ, മേൽ പരിശോധന നടത്തിയ അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്. വിശദാംശങ്ങൾക്ക് ഈ റിപ്പോർട്ടിലെ ഖണ്ഡിക 1-18 കാണുക. ആയത് ഈ ഖണ്ഡികയുടെ ഭാഗമായിരിക്കും. ഈ റിപ്പോർട്ടിന്റെ ഖണ്ഡിക 4-10(ബി)യിൽ പരാമർശിച്ചിട്ടുള്ള ഉദ്യോഗസ്ഥർ പ്രസ്തുത നഷ്ടത്തിന് ബാധ്യതപ്പെട്ടിരിക്കുന്നു.

### 3-3 എസ്റ്റിമേറ്റിൽ കൃത്യമായ ഇനം ഉൾപ്പെടുത്താത്തതു മൂലം നഷ്ടം- ₹24520/-

സ്കൂൾകവല – മതളിപ്പടി റോഡിൽ 19 മീറ്റർ നീളത്തിൽ സംരക്ഷണഭിത്തി നിർമിക്കുന്നതിന് ആവിഷ്കരിച്ച പദ്ധതിയുടെ എസ്റ്റിമേറ്റിലെ 4-ാമത്തെ ഇനത്തിൽ ഫൗണ്ടേഷന്റെ അളവിനൊപ്പം സൂപ്പർ സ്ട്രക്ച്ചറിന്റെ അളവും ഒന്നിച്ച് കണക്കാക്കി 13.1.1- എന്ന സ്പെസിഫിക്കേഷനുള്ള നിരക്കാണ് നൽകിയത്. ഫൗണ്ടേഷൻ നിർമാണത്തിന് 11.4.1.1 സ്പെസിഫിക്കേഷൻ പ്രകാരം ₹4398.03/- എന്ന നിരക്ക് നൽകേണ്ടതിനു പകരം ₹5705.88/- എന്ന സൂപ്പർ സ്ട്രക്ച്ചറിന്റെ അടിസ്ഥാന നിരക്ക് നൽകിയതുമൂലം കരാറുകാരന് ₹24520/- അധികമായി അനുവദിച്ചിട്ടുണ്ട്. അധികം നൽകിയ തുക ഉത്തരവാദികളായ അസി.എഞ്ചിനീയർ, മേൽ പരിശോധന നടത്തിയ അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്. വിശദവിവരങ്ങൾ ഖണ്ഡിക 1-19 ൽ നൽകിയിട്ടുള്ളത് കാണുക. ആയത് ഈ ഖണ്ഡികയുടെ ഭാഗമായിരിക്കും. ഈ റിപ്പോർട്ടിന്റെ ഖണ്ഡിക 4-10(ബി)യിൽ പരാമർശിച്ചിട്ടുള്ള ഉദ്യോഗസ്ഥർ പ്രസ്തുത നഷ്ടത്തിന് ബാധ്യതപ്പെട്ടിരിക്കുന്നു.

ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2021-22 | ഓഡിറ്റിനോടൊപ്പം പരിശോധിച്ചു | സർട്ടിഫിക്കറ്റ് ഈ റിപ്പോർട്ടിന് അനുബന്ധമായി ചേർത്തിട്ടുണ്ട്. |

### 4-2 സംയുക്തപ്രോജക്റ്റുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് ₹ | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2021-2022 | 464300 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് മിഷൻ ഭവനപദ്ധതി ഭൂരഹിതർക്ക് ഭൂമി വാങ്ങൽ | 464300 | 0 |

### 4-3 നിക്ഷേപ പ്രവൃത്തികൾ

| സ്ഥാപനം | നൽകിയ തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് ₹ | ബാലൻസ് |
|---|---|---|---|---|
| അനർട്ട് | 632693 | സോളാർ സ്ട്രീറ്റ് ലൈറ്റ് | 632693 | 0 |

### 4-4 മൊബിലൈസേഷൻ അഡ്വാൻസ്

– ഇല്ല –

### 4-5 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പയിനത്തിൽ ₹2900000/-യുടെ വരവുണ്ട്. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | തൻ വർഷം വായ്പ തുക ₹ | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കി ഉണ്ടായിരുന്ന തുക ₹ | തൻ വർഷം തിരിച്ചടച്ച മുതൽ ₹ | തൻ വർഷം തിരിച്ചടച്ച പലിശ ₹ | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക ₹ |
|---|---|---|---|---|---|---|
| ലൈഫ് ഭവന നിർമ്മാണ പദ്ധതി | സ.ഉ. (എം.എസ്.) 2278/തസ്വഭവ/ തീ.18.08.2018 | 2900000 | 16108884 | 1892001 | 0 | 17116883 |
| ജവഹർ ഭവന പദ്ധതി | സ.ഉ.നം.1577/15/ എൽ.എസ്.ജി.ഡി തീ. 27.05.2015 | 0 | 3006186 | 434000 | 267072 | 2572186 |

### 4-6 സ്ഥിര നിക്ഷേപം

-- ഇല്ല –

### 4-7 ഓഡിറ്റ് റിക്കവറി

– ഇല്ല –

### 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക നം. | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|---|---|
| 1997-98 | - | 1999-00 | - | ഉപാധിരഹിത ഫണ്ട് ഉപയോഗിച്ചുള്ള പൊതുമരാമത്ത് പ്രവൃത്തികൾ ക്രമരഹിതമായി പണം ചെലവഴിച്ചു | ബഹു. സമിതിയുടെ പരിഗണനയിൽ |
| 2006-07 | 2-7 | 2009-10 | 2-6 | വിവിധ ഷോപ്പിംഗ് കോംപ്ലക്സുകൾ മുദ്രപ്പത്രയിനത്തിലെ നഷ്ടം – ₹9,161/- | ബഹു. സമിതിയുടെ പരിഗണനയിൽ |
| 2006-07 | 3-11 | 2009-10 | 2-8 | വൈദ്യുതിലൈൻ ദീർഘിപ്പിക്കൽ – ₹7,57,450/- | ബഹു. സമിതിയുടെ പരിഗണനയിൽ |
| സ്പെഷ്യൽ ഓഡിറ്റ് | | 2015-16 | 5.1.1മുതൽ 5.1.5 വരെ | കെട്ടിട നിർമ്മാണ പെർമിറ്റ് പോരായ്മകൾ | ബഹു. സമിതിയുടെ പരിഗണനയിൽ |
| 2016-17 | | 2017-18 | 1.6.1 | തെറ്റായ പൂർത്തീകരണ പ്ലാൻ അടിസ്ഥാനപ്പെടുത്തി കെട്ടിട നമ്പർ അനുവദിച്ച് വസ്തുനികുതി നിർണയിച്ചു | ബഹു.സമിതിയുടെ പരിഗണനയിൽ |

### 4-9 ചാർജ്/സർചാർജ് സർട്ടിഫിക്കറ്റ് വിവരങ്ങൾ

എ) ചാർജ് സർട്ടിഫിക്കറ്റ് വിവരങ്ങൾ

| ക്രമ നം. | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്/ ഔദ്യോഗിക സ്ഥാനം/ ഭരണവകുപ്പ് | ചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നം./ തീയതി) | ചാർജ്/ സർ ചാർജ് പ്രകാരമുള്ള തുക യഥാസമയം സ്ഥാപനത്തിന്റെ ഡിമാന്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക, തീയതി | കോടതി വ്യവഹാരങ്ങളിൽ/ | | ആകെ ലഭിച്ച തുക ₹ | അവശേഷിക്കുന്ന തുക/ ബാധ്യത ₹ | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നം./ തീയതി | തുക ₹ | | | | ഉൾപ്പെട്ട തുക ₹ | ഈടാക്കിയ തുക ₹ | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 |
| 1 | 1996-97 | 30 (A) & | കെ.വി. ആന്റണി ജെ.എസ്. | എൽ.എഫ്.603/ സ്പെ.സെൽ എസ്.സി.2/ | 4995 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 4995 | |

| | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | 32 | ദേവികുളം ബ്ലോക്ക് പഞ്ചായത്ത് | 2000, 25.01.2002 | | | | | | | | | |
| 2 | 2000-01 | 26 | കെ.എം. ഷാജി മോഹനൻ സെക്രട്ടറി | എൽ.എഫ്.2721/ സ്പെ.സെൽ എസ്.സി.2/ 2004, 23.12.04/ 14.01.05 | 42600 | ഇല്ല | | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 42600 | |

ബി) സർചാർജ് സർട്ടിഫിക്കറ്റ് വിവരങ്ങൾ

| ക്രമ നം. | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്/ ഔദ്യോഗിക സ്ഥാനം/ ഭരണവകുപ്പ് | സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നം./ തീയതി) | ചാർജ്/ സർ ചാർജ് പ്രകാരമുള്ള തുക യഥാസമയം സ്ഥാപനത്തിന്റെ ഡിമാന്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക, തീയതി ₹ | കോടതി വ്യവഹാരങ്ങളിൽ/ | | ആകെ ലഭിച്ച തുക ₹ | അവശേഷിക്കുന്ന തുക/ ബാധ്യത ₹ | റിമാർക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നം./ തീയതി | തുക ₹ | | | | ഉൾപ്പെട്ട തുക ₹ | ഈടാക്കിയ തുക ₹ | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 |
| 1 | 1996-97 | 33,34, 35 (1)(2), 36,37 | കെ. വി. ആന്റണി സെക്രട്ടറി | എൽ.എഫ്.603/ സ്പെ.സെൽ എസ്.സി.2/ 2000, 25.1.2002 | 4929 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 4929 | |
| 2 | 1998-99 | 30,31, 33,35 | എം. കെ. മോഹനൻ ജെ.എസ്. | എൽ.എഫ്.6876/ സ്പെ.സെൽ എസ്.സി.2/ 2002, 16.12.02 | 19332 | ഇല്ല | | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 19332 | |
| 3 | 2004-05 | 3-8 (Part) | കെ. സുധാകരൻ അസി.എക്സി. എഞ്ചിനീയർ | എൽ.എഫ്. 19649/ സ്പെ.സെൽ എസ്.സി.2/ 2007, 24.10.09 | 2688 | ഇല്ല | | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 2688 | |
| 4 | 2004-05 | 3-8 (Part) | കെ. സുധാകരൻ അസി.എക്സി. എഞ്ചിനീയർ | എൽ.എഫ്. 19649/ സ്പെ.സെൽ എസ്.സി.2/ 2007, 24.10.09 | 2688 | ഇല്ല | | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 2688 | |

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | ₹27117021 |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹89661981 |
| ആകെ | ₹116779002 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹94959377 |
| നീക്കിയിരിപ്പ് | ₹21819625 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ₹81291 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹2572718 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | | |
| 3-1 | -- | 9358 | 4679 | ശ്രീ. നിസ്സാർ എ., അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| | | | 4679 | ശ്രീ. വൈശാഖൻ ആർ.എൽ., അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-2 | | 42248 | 21124 | ശ്രീ. നിസ്സാർ എ., അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| | | | 21124 | ശ്രീ. വൈശാഖൻ ആർ.എൽ., അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-3 | | 22291 | 11146 | ശ്രീ. നിസ്സാർ എ., അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| | | | 11145 | ശ്രീ. വൈശാഖൻ ആർ.എൽ., അസിസ്റ്റന്റ് എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക ₹ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-16 | 2572718 | ശ്രീ. ബെന്നി വർഗീസ്, കൃഷി ഓഫീസർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക ₹ | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 3-1 | 936 | 468 | ശ്രീ. വൈശാഖൻ ആർ.എൽ., അസിസ്റ്റന്റ് എഞ്ചിനീയർ |
| | | 468 | ശ്രീ. നിസ്സാർ എ., അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3-2 | 4229 | 2115 | ശ്രീ. വൈശാഖൻ ആർ.എൽ., അസിസ്റ്റന്റ് എഞ്ചിനീയർ |
| | | 2114 | ശ്രീ. നിസ്സാർ എ., അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3-3 | 2229 | 1146 | ശ്രീ. വൈശാഖൻ ആർ.എൽ., അസിസ്റ്റന്റ് എഞ്ചിനീയർ |
| | | 1145 | ശ്രീ. നിസ്സാർ എ., അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. നിസാർ എ., അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ, അടിമാലി ബ്ലോക്ക് പഞ്ചായത്ത് | പടക്കത്തിൽ, പുതിയവിള, കണ്ടല്ലൂർ, ആലപ്പുഴ |
| ശ്രീ. വൈശാഖൻ ആർ.എൽ., അസിസ്റ്റന്റ് എഞ്ചിനിയർ | അസിസ്റ്റന്റ് എഞ്ചിനിയർ, പള്ളിവാസൽ ഗ്രാമപഞ്ചായത്ത് | ശ്രീവിശാഖം, മഹാദേവീശ്വരം, കിളിമാന്നൂർ |
| ശ്രീ. ബെന്നി വർഗീസ്, കൃഷി ഓഫീസർ | കൃഷി ഓഫീസർ, പള്ളിവാസൽ ഗ്രാമപഞ്ചായത്ത് | കട്ടച്ചിറയിൽ, ആവോലിച്ചാൽ നേര്യമംഗലം എറണാകുളം ജില്ല |

4-11 തീർപ്പാക്കുവാനവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിവരം

| വർഷം | ഒടുവിലത്തെ കത്തിടപാടിന്റെ നമ്പർ | അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | അവശേഷിക്കുന്ന ഖണ്ഡികകൾ |
|---|---|---|---|
| 1996-97 | LFI-8/442/98/ 18.11.1998 | 21 | PART -II- 30(A)(B)(C), 31, 32, PART -III-. 33, 34,35, 36, 37, PART -IV, 38, 39, 40, 41, 42,43, 44, 45, 46, 47, 48 |
| 1997-98 | LFI-8-15/2002/ 02.02.2002 | 1 | 34 |
| 1998-99 | LFI-8/16/2002/ 27.03.2002 | 3 | 34, 35, 36 |
| 1999-00 | LFI-8/46/02/ | 4 | 23,31,32,34 |

| | | | |
|---|---|---|---|
| | 05.03.2003 | | |
| 2000-01 | LFI-8/707/03/ 08.01.2004 | 8 | 26,27,36,38(1),42,45,46,48 |
| 2001-02 | LFI-8/632/03/ 10.08.2005 | 3 | 2-9,2-14,2-17 |
| 2002-03 | LFI-8/403/2005/ 22.08.2006/23.01.2007 | 5 | 2.2,3.3,3.7, 3.10, 3.13 |
| 2003-04 | LFI-7/425/07 20.07.2007 | 2 | 2.2, 3.2 |
| 2004-05 | LFI-7/810/2007 06.10.2017/01.11.2017 | 2 | 3.7(A),(B), 3.8 |
| 2005-06 | LFI-7/1081/2008 26.08.2009 | 4 | 3.1, 3.2, 3.7, 3.9 |
| 2006-07 | LFI-7/1112/2000 24.12.2000 | 8 | 2.6,2.7, 3.2, 3.6, 3.9, 3.10, 3.11, 3.13 |
| 2007-08 | LFI-11/1469/12/ 04.05.2013 | 10 | 3.1, 3.2, 3.4,3.6,3.10, 3.13,3.14, 3.17, 3.18, 3.19 |
| 2008-09 | LFI-11-547/11 20.12.2011 | 5 | 2.1, 2.2,2.5, 3.1,3.6 |
| 2009-10 | LFI-11/547/2011 03.04.2013/12.04.2013 | 2 | 3.5, 3.6 |
| 2010-11 & 2011-12 | KSA-IDK-11/300/18 18.03.2018/08.03.2018 | 2 | 3.7,3.8 |
| 2012-13 | KSA-IDK-11/1424/17 1710.2017/24.10.2017 | 2 | 2.1(A),(B), 3.3 |
| 2013-14 | KSA-IDK-11/1028/15 08.10.2015 | 1 | 3.1 |
| 2014-15 | KSA-IDK-11/827/17 17.10.2017/02.11.2017 | 2 | 2.2, 3.2 |
| 2015-16 | KSA-IDK/11/469/2017/ 12.04.2017 | 1 | 3.2 |
| 2016-17 | KSA-IDK/11/1420/17/ 13.11.2017/12.01.2018 | 10 | 2.2, 2.3,2.5, 3.2 |
| 2017-18 | കെ.എസ്എ-ഐ.ഡി.കെ- 11/ 1374/18 /5.12.2018 | 13 | 2-1, 2-2,3-2, 3-4,3-5 |
| 2018-19 | കെ.എസ്എ-ഐ.ഡി.കെ-11/1086/2019/07.03.2020 | 20 | 1-11, 1-12, 1-13, 1-14, 1-15, 1-16, 1-17, 1-18, 1-19, 1-20, 1-22, 1-23, 1-24, 2-1, 3-1, 4-8, 4-9, 4-10, 4-11 |
| 2019-20 | കെ.എസ്എ-ഐ.ഡി.കെ- 7/892/2021/20.11.2021 | 14 | 1-9 മുതൽ 1-22 വരെ |
| 2020-21 | കെ.എസ്എ-ഐ.ഡി.കെ-7/893/2021/20.11.2021 | 20 | 1-9 മുതൽ 1-28 വരെ |

ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ഇടുക്കി ജില്ലയിലെ പള്ളിവാസൽ ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

അനുബന്ധം-2

ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ഇടുക്കി ജില്ലയിലെ പള്ളിവാസൽ ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്